# അമൃതഘടിക

(1985)

ഉള്ളടക്കം


| | |
|---|---|
| □ കാലം<br>□ കാലത്തിന്റെ കവലയിൽ<br>□ കയറും കാലവും<br>□ മുനിവാക്യം<br>□ കൊക്കിനു വെച്ചത്<br>□ പട്ടാമ്പിയിലെ അദ്വൈതി<br>□ വാരിയരുടെ വിളക്ക്<br>□ സൗഹൃദസ്മരണ<br>□ ശ്രീവത്സപൂജ<br>□ ക്രിയാ കേവലം<br>□ കലിമലം<br>□ കമ്പി<br>□ തലമുറവിടവ്<br>□ അപഹ്നുതി<br>□ മൃതഘടിക<br>□ ബാലഭദ്രന്റെ ചിരി<br>□ അദ്വൈതം<br>□ സ്വിച്ചെവിടെ?<br>□ പർണ്ണശാലയിലെ മുഹൂർത്തം | □ അഗ്നിഹോത്രിയും വി.ടി.യും<br>□ ആനയുടെ കഥ<br>□ അലക്കുകല്ലിന്റെ ഭാഷ<br>□ വിവേകാനന്ദം<br>□ സിംഹാവലോകനം<br>□ വിഷുത്തലേന്ന്<br>□ ഈശാവാസ്യം<br>□ അന്യത്വദുഃഖം<br>□ അല്പൻ<br>□ പകൽക്കിനാവ്<br>□ ഗ്രീഷ്മരാത്രി<br>□ ആത്മയോഗം<br>□ പമ്പാസ്നാനം<br>□ മിന്നാമിനുങ്ങിനെത്തേടി<br>□ പൂവൻകോഴി<br>□ മമ്മിയൂരപ്പൻ<br>□ പിതൃഹൃദയരാത്രി<br>□ അഭിഷേകമന്ത്രം |


## കാലം

കാലം, നീലവിശാലശൂന്യത നിറ–
ഞ്ഞേന്തുന്ന രൂപോച്ചലൽ–
ജ്ജാലം, മാനസദൃഷ്ടിഗോചരപര–
ബ്രഹ്മപ്രഭാമണ്ഡലം
ആലോചിക്കിലതൊന്നുമാത്രമഖില–
ത്രൈമാന്യസത്യങ്ങൾതൻ
നൂലാ, നൂലിനെയംഗവസ്ത്രവടിവിൽ–
ചുറ്റട്ടെ ഞാൻ ജീവനിൽ.

## കാലത്തിന്റെ കവലയിൽ

എന്നകത്തിതാ, ഭൂതഭാവികൾ നെഞ്ഞോടുനെ–
ഞ്ചെന്തിനെന്നില്ലാതേറ്റുമുട്ടിക്കൊണ്ടിരിക്കുന്നു
ഊറുന്നൂ മിഴികളിൽ കണ്ണുനീരല്ലാ, കടും
ചോരയോ, പാലോ, രണ്ടും   കൂടിയോ? വിഭ്രാന്തൻ ഞാൻ!
ചത്തുവോ സുഗ്രീവനും ബാലിയുമൊപ്പം? കാതി
ലെത്തുന്നുണ്ടവിഷഹ്യമായൊരു കരച്ചിലോ?
രാമ, ഞാനാത്മാരാമനിപ്പൊഴും, പക്ഷേ അവി–
രാമനെൻ നാവിൽ ഭവൽക്കാരുണ്യം തുടിയ്ക്കുമ്പോൾ!

## കയറും കാലവും

തൊട്ടിലിൽ കണ്ണു മിഴിച്ച ഞാൻ കണ്ടതു
വിട്ടത്തിലെക്കയറായിരിക്കാം.
എന്നെത്തിരിച്ചറിയാത്തൊരു പൈതൽ ഞാ
നെമ്മട്ടതിനെത്തിരിച്ചറിയാൻ?

കാൽത്തളച്ചെത്തം വിതച്ചു നടന്ന ഞാൻ
കണ്ടൂ പെരിയൊരു നാലുകെട്ടിൽ:
മുല്ലത്തറയ്ക്കൽ തിരി കൊളുത്താൻ നടു-
മുറ്റത്തു നിൽപ്പതെന്നമ്മയല്ലോ.
മുല്ലച്ചെടിക്കും മനുഷ്യനും തമ്മിലെ-
ന്തുള്ളൂ രഹസ്യമെന്നെന്റെ ശങ്ക.

ശ്രീലകത്തച്ഛൻ ഭഗവദാരാധനാ-
മീലിതമായ മിഴികളോടെ
അഞ്ജലികൊണ്ടു പശുമുല* കാട്ടവേ
പുഞ്ജിതമെൻ കാതിൽപ്പാൽമധുരം:
''ഈശകാരുണ്യമീവാഴ്‌വ,തുകൊണ്ടു നീ-
യീശപാദാർച്ചതാൻ നിർവഹിക്കൂ.''

പിച്ചവെച്ചെത്തി ഞാനന്ധകാരത്തിന്റെ
മച്ചിൽ മുഴുവൻ തിരഞ്ഞുനോക്കി:
ബാലിശയുക്തിതൻ ഞെക്കുവിളക്കുകൾ-
ക്കാലക്ഷ്യമാമോ ജഗദ്രഹസ്യം?
കണ്ടില്ല പക്ഷേ, ഞാനീശ്വരൻ വാഴുന്ന
കമ്രസിംഹാസനമേതിടത്തും.

പിന്നെയുമന്നപാനങ്ങളിലൂടെ ഞാൻ
വിണ്ണിന്നു നേരെ വളർന്നു പോകേ
എന്നിൽനിന്നന്വേഷണത്തിന്റെ സാഹസം
ചെന്നൂ യുഗാരംഭകാനനത്തിൽ.
മിന്നിത്തിളങ്ങുന്ന നക്ഷത്രമണ്ഡലം
പിന്നിട്ടുകൊണ്ടതു സഞ്ചരിക്കേ
ഊന്നുവടിക്കായ് മുറിച്ച മുളന്തണ്ടി-
ലൂതി ഞാൻ ഞാനറിയാത്തപോലെ.

പാട്ടുകേട്ടെൻ നടുമുറ്റത്തെ മുല്ലയും
കാട്ടുമരങ്ങളും വിസ്മയിക്കേ
പച്ചിലച്ചെന്തളിർച്ചന്തങ്ങളിൽ കിള-
ർന്നുച്ഛ്വസിച്ചീലെത്ര പത്മരാഗം!
നാണിച്ചു കായ്ചൂപഴുത്തിടുമാപ്പര-
മാനന്ദസൗരഭമാധുരിയാൽ
ജീവലോകങ്ങളെപ്പുൽകും സമീരണൻ
ഭാവുകനിർവൃതി പൂണ്ടുനിൽക്കേ
നക്ഷത്രമണ്ഡലത്തോളം വളർന്നെന്റെ-
യക്ഷയാഹങ്കാരമുജ്ജ്വലിക്കേ
''മിണ്ടരുതെ''ന്നൊരു ഗർജ്ജനം; എങ്ങുനി-
ന്നുണ്ടായതാണെന്നറിഞ്ഞുകൂടാ
വിട്ടത്തിലെക്കയറിന്റെ പരുപരു-
പ്പൊട്ടൊട്ടിറുകുന്നിതെൻ ഗളത്തിൽ.

വെള്ളെഴുത്തിൽക്കൂടി നോക്കി ഞാൻ കാണ്മതെ-
ന്നുള്ളിലെ സ്വർണ്ണസിംഹാസനത്തിൽ

വാണരുളീടുന്ന നിഷ്കളനിർമ്മമ–
സ്ഥാണുവിൻ മൂർത്തിമത്പ്രേമമല്ലീ?
ഉണ്ടായിരുന്നിതാക്കൺകളിൽ സ്പഷ്ടമായ്
രണ്ടു മുക്താഫലനിത്യതയും!

## മുനിവാക്യം

‘‘മഹാത്മൻ, ഇനിയും ലോക മഹായുദ്ധം നടക്കുകിൽ

എന്തായിരിയ്ക്കും മനുഷ്യനുപയോഗിയ്ക്കുമായുധം?’’

പത്രക്കാരന്റെ ചോദ്യം കേട്ടുത്തരം ചൊല്ലി മാമുനി
അണു ഭേദിച്ച ശാസ്ത്രജ്ഞൻ ഗീത വായിച്ചിരിപ്പവൻ:

‘‘അടുത്ത യുദ്ധത്തെപ്പറ്റിപ്പറവാനാവതില്ല മേ;
അതിന്റെ പിന്നത്തെ യുദ്ധമെന്തുകൊണ്ടെന്നു കേൾക്ക നീ.’’

‘‘കേൾക്കാം, പറയുകെ,’’ന്നപ്പോൾ പത്രക്കാരൻ തിടുക്കവേ,
‘‘അമ്പും വില്ലും കൊണ്ടുമാത്രം,’’ ചൊന്നാനൈൻസ്റ്റീനസംശയം.

സത്യത്തിൻ വാൾമുനത്തുമ്പിൽ നൃത്തം വെയ്ക്കും വെളിച്ചമേ,
വീണെങ്കിൽ നിൻ വിയർപ്പെന്റെയിരുൾത്തരിശുഭൂമിയിൽ!

## കൊക്കിനു വെച്ചത്

കൊക്കിനു വെടിവെച്ചതാരുമാവട്ടേ, വെടി–

കൊണ്ടു ചത്തതു വെറും കുളക്കോഴിയായ്പ്പോയീ.
ചത്തതിലല്ലാ കുളക്കോഴിക്കു ദുഃഖം;കൊന്ന
സത്തന്നു തിന്നാനിഷ്ടമില്ലപോൽ തൻ മെയ്മാംസം!
പിന്നെയും സത്തൻ വെടിവെയ്ക്കവേ കൊക്കിന്റെ മേൽ–
ത്തന്നെയാത്തിര ചെന്നു നിപതിക്കയും ചെയ്കേ
പിടഞ്ഞു ചത്തൂ കുളക്കോഴിയെപ്പോലേ കൊക്കും;
ഉടൽവിട്ടുയർന്നപ്പോൾ പക്ഷേ, താൻ സന്തോഷിച്ചു,
‘‘എപ്പൊഴായാലും വേണം ചാവുക;എൻ മാംസത്താൽ
സ്വൽപ്പനേരത്തേയ്ക്കൊരു പെരിയ പടപ്പിന്റെ
വിശപ്പു തടയുവാനിടവന്നു മേ; നിന്റെ
വിധിയേ ശോച്യം, മുമ്പേ ചത്ത ഹേ, കുളക്കോഴി!’’
‘‘ശോച്യമെൻ വിധി’’ കുളക്കോഴി യോജിച്ചൂ, ‘‘പക്ഷേ
ശോച്യമല്ലെൻ മക്കൾതൻ വിധിയെന്നെന്നാശ്വാസം!’’

## പട്ടാമ്പിയിലെ അദ്വൈതി

‘‘ഞാനൊരു പട്ടരാണ്, പട്ടാമ്പിക്കാരനാണ്,

പട്ടുവിൽക്കാൻ വന്നതാണ്, റാം റാം റാം,’’
കുട്ടികളുടെ ചുണ്ടിലിപ്പൊഴും വിഹരിക്കും
മട്ടോലും മൊഴിയിതു ചെവിയിൽ വീഴ്കെ
കണ്ണുതിരുമ്മിയെണീറ്റെന്നിലെപ്പൈതലുണ്ടേ

തൊണ്ണു തുറന്നുകാട്ടിച്ചിരിച്ചിടുന്നു!

ഊഊഊ

പട്ടാമ്പിക്കാരനൊരു പട്ടരുണ്ടായിരുന്നു
പട്ടുവിൽപനക്കാരനായിരുന്നു,
ഓരോരോ ഞൊടിയിലുമാ മനുഷ്യൻതൻ നാവിൽ
''റാം റാം റാ''മെന്ന മന്ത്രം തുടിച്ചിരുന്നു.
തോളത്തു തുണിക്കെട്ടും മാറത്തിരട്ടപ്പൂണു–
നൂലുമായ് കുടവഡ്ഢി വന്നശേഷം
പിന്നിൽ കുടുമ്മയിന്മേൽ പിന്നിയ പൂക്കളോടെ
വന്നെത്തും വീടുതോറുമാ മനുഷ്യൻ:
''ഈരിഴത്തോർത്തുവേണ്ടേ? മിന്നുന്ന കാഞ്ചീപുരം–
സാരിയോ എഴുന്നൂറ്റിമൂന്നോ[1] വേണ്ടൂ?''
കൂനുപോലുള്ള ഭാണ്ഡം തിണ്ടത്തിറക്കിവെച്ചു
കാണിക്കും തുണിത്തരമാ മനുഷ്യൻ.
ഓരോ തുണിത്തരവും കാണിച്ചു തരുമ്പോഴേയ്
ക്കോതുമാറുണ്ടതിന്റെ വിലയുമായാൾ.
മിണ്ടിയോ വിലയൽപ്പം താഴ്ത്തണമെന്നു നിങ്ങൾ?
രണ്ടു കൈവിരലയാളുയർത്തിക്കാട്ടി.
''രണ്ടു വിലയ്ക്കു തുണി വിൽക്കുന്നു മാധ്വ[2]രെന്ന
പണ്ഡിതൻ നടത്തുന്ന കടയിൽ മാത്രം!''
എന്താണീ സ്വാമിയുടെ പേച്ചിലെപ്പൊരുളെന്ന
ചിന്തയിൽ വീട്ടമ്മമാർ മിഴിച്ചുനിൽക്കെ
ഉച്ചച്ചുടുവെയിലിലുച്ചണ്ഡമാരിയിലും
സ്വച്ഛന്ദം ചലിക്കുകയായി വീണ്ടും
ഭസ്മക്കുറികളിട്ട കൈകളും കാലുകളും
വിസ്മയം വിതയ്ക്കുന്ന വേഗതയിൽ.
വേർപ്പിൽ കുളിക്കുകിലുമന്യഗൃഹത്തിൽനിന്നു
ശാപ്പിടാറില്ലദ്ദേഹം തണ്ണിപോലും!

ഊഊഊ

പട്ടു വിറ്റഴിയുന്നു പട്ടാമ്പിയിങ്കലിന്നും;
പക്ഷേ, യാപ്പുരാതനപുരുഷനെങ്ങോ?
ഏതിടത്തുറങ്ങുന്നുണ്ടാറടിമൺപുതച്ചാ[3]
ബ്ഭൗതികം? പറകവയ്യാർക്കുമെന്നാൽ
സത്യവചസ്സിലൂടെ, കൃത്യനിഷ്ഠയിലൂടെ
നിത്യവികസ്വരനാ വണിഗ്വരനെ,
രണ്ടായിട്ടൊന്നുമില്ലെന്നാത്മരക്തത്താൽ കാല–
ഘണ്ടാപഥച്ചുമരിൽ കുറിച്ചവനെ,
എത്രയോ പതിറ്റാണ്ടു പിന്നിട്ടശേഷമിന്നീ–
ക്കുട്ടികളുടെ പാട്ടിൽ കണ്ടറിവേൻ,
''ഞാനൊരു പട്ടരാണ്, പട്ടാമ്പിക്കാരനാണ്
പട്ടുവിൽക്കാൻ വന്നതാണ്, റാം റാം റാം.''

# വാരിയരുടെ വിളക്ക്

ചൂതിൽത്തോറ്റരണ്യത്തിൽ ചെന്ന പാണ്ഡവരോട–
ന്നോതിയതെന്തെങ്കിലുമാവട്ടേ ബൃഹദശ്വൻ:[1]

എരിവൂ പന്തംപോലെവാരിയത്തുണ്ണായിതൻ
വിരലോ കഥകളിവിളക്കോ മമ മുന്നിൽ?

കലിബാധയിൽ നളനരങ്ങു തകർക്കുമ്പോ–
ളലയുന്നു ഞാനെന്റെ നാഗരികത്വക്കാട്ടിൽ.

വഴി തെറ്റിയ പാന്ഥനെത്തുവേനനുരാഗം
വഴിയും മിഴി വിടർത്തകലെക്കുഗ്രാമത്തിൽ

എന്നെയോർത്തിടർ തേടും ദമയന്തിതൻ മുന്നിൽ;
ചെന്ന കാലനങ്ങാതെ നിൽപ്പു ഞാനശരീരി:

ഊഢരാഗത്താലെന്റെ മടിയിൽത്തലചായ്ചു
ഗാഢനിദ്രയിലാണ്ടോരിവൾതൻ തുകിലല്ലി

അപ്പക്കോൽക്കൂർപ്പാൽക്കീറിയുടുത്തേ,[2] നെന്നിട്ടുമെ–
ന്തിപ്പൊഴുമാമാശയമനാച്ഛാദിതംതന്നെ!

എന്തു ചൂടാണീക്കളിവിളക്കിൻ നിഴൽപ്പാട്ടിൽ,
വെന്തുവോ പരമാണുസ്ഫോടനത്താലീ വിശ്വം?

എങ്ങനെ മോചിപ്പിക്കും ഘോരാഗ്നിവലയത്തിൽ
വിങ്ങുമീ കാർക്കോടകപ്രാണവേദനയെ ഞാൻ?

നളനഗ്നിദേവന്റെ വരമുണ്ടി,ക്കാലത്തെ–
ക്കലിബാധിച്ചോർക്കുണ്ടോ വല്ലതും മോക്ഷോപായം?

അരങ്ങത്താടും ദമയന്തിതൻ വ്യഥ വന്നു
വരിഞ്ഞു മുറുക്കവേ കേണു ഞാൻ ഞാനേ കേൾക്കെ:

ഏതൃതുപർണ്ണൻ നൽകുമനശ്വഹൃദയി[3]യ്ക്കി–
ന്നേതക്ഷഹൃദയം[4] വൈദർഭിയെസ്സമ്പ്രാപിക്കാൻ?

കളി തീർന്നെഴുന്നേറ്റു ലോഡ്ജിലേക്കിഴയുമ്പോൾ
കരളിൽ തെളിയുമുണ്ണായിയെ നമിക്കുമ്പോൾ

ഒരൊറ്റസ്സമാധാനം മാത്രമേയുള്ളൂ തോഴീ,
പെരുമാറീട്ടില്ലെന്റെ വിരലും കള്ളച്ചൂതിൽ!

# സൗഹൃദസ്മരണ

എത്ര നാളായീ കണ്ടിട്ടെത്രനാളായീ ഹംസ–
ചിത്ര[1]മാം കയ്യൊപ്പുള്ള കത്തുവന്നിട്ടും കൂടി?
പാതിരയ്ക്കെൻ ദുഃഖത്തിൻ ഗുഹയിൽ, പരിഷ്കാര–
പ്പാതവക്കത്തിജ്ജീർണ്ണവാടകപ്പുരയ്ക്കുള്ളിൽ
കണ്ണുകളടയാതെ ഞാനിരിയ്ക്കുമ്പോൾ പണ്ടു–
കണ്ടതാമേതോ മൃഗശാലയിലൊരു സിംഹം
അഴിതൊട്ടഴിവരെ ക്കുതിച്ചും കിതച്ചും പാ–
ഞ്ഞുഴലുന്നതായ്ക്കണ്ടു കൺചിമ്മിത്തുറന്നപ്പോൾ,
ഒരു രാത്രിയാൽ തലമുടിയത്രയും നര–
ച്ചൊരു മേയറല്ലല്ലി വന്നു നിൽപ്പതെൻ മുന്നിൽ?
അല്ലി,തെൻ ചിരന്തനസ്നേഹിതനല്ലോ: കാണ്മൂ
കല്ലുളിപോലാക്കുട്ടിക്കുറുമ്പീ മിഴിയിൽ ഞാൻ.
നിടിലത്തിലെക്കിടങ്ങുകളെഗ്ഗൗനിക്കാതെ

നിഖിലപ്രപഞ്ചാത്മദുഃഖത്തിന്നടിവരെ
ഒരൊറ്റച്ചാട്ടംകൊണ്ടു ചെന്നെത്തിസ്സൗഭാഗ്യത്തിൻ
കരളിൽക്കൊത്തും കുഞ്ഞിക്കുസൃതിപ്പൊന്മക്കണ്ണും,
മാടിയാൽ മുതുനീർത്തും മുടിയും ഘ്രാണേന്ദ്രിയ–
പീഠമായിട്ടും ലജ്ജാനമ്രമാം മേൽമീശയും,
നടുപൊന്തിയ കാചം പോലെ മദ്ധ്യായുസ്സിലും
കവിളിൻ മേൽബ്ഭാഗത്താക്കൗമാരവിലാസവും
വിടരുംമുമ്പേ വീണ്ടുമിറുകും പനന്തത്ത
ച്ചൊടിയും, താംബൂലത്താൽശ്ശോണമാം കീരിപ്പല്ലും,
അഭിമാനികളായ പൂർവ്വികന്മാരോടുള്ളോ–
രനുഭാവമായ് തോളത്തിട്ട നേരിയമുണ്ടും,
ജ്ഞാനസൗന്ദര്യസ്നേഹദുഃഖഭാരത്താൽ പാടെ
ക്ഷീണിച്ചും നാണിച്ചുംകൊണ്ടൊഴുകുമൊഴുകലിൽ
മാനാവാത്മാവിൻസൂക്ഷ്മ നാദത്തെ ധ്വനിപ്പിക്കും
ഗാനമായ്ത്തീരാറുള്ളോരക്കവിതാലാപവും
തൂശിയാൽ നാവിൽപ്പുരട്ടിത്തരും ചെറുതേനാം
വാശിയും വചസ്സിങ്കൽത്തെളിയും മൂളിപ്പൂവും,
കൊത്തിവെച്ചല്ലോ പെട്ടെന്നെൻ മിഴിമുന സർവ്വം
വിദ്യുത്തിൻ വെണ്ണക്കല്ലിൽ; മൊത്തി ഞാൻ കുടിച്ചല്ലോ!
മാനവാത്മാവിന്നേകാന്തതയെ, സ്നേഹത്തിന്റെ
ഗാനമോഹനതന്തുബന്ധനങ്ങളെപ്പറ്റി
വെറുതേ നിരൂപിച്ചേനുടനേ; ക്ഷണാൽപ്പൊട്ടി–
ക്കരയും നെഞ്ചിൽ പാതിരാപ്പൂക്കൾ ചിരിച്ചല്ലോ!

ഊഊഊ

എത്രനാളായീ കണ്ടിട്ടെത്രനാളായീ ഹംസ–
ചിത്രമാം കയ്യൊപ്പുള്ള കത്തുവന്നിട്ടുംകൂടി?
എന്തു മൗനത്തിൻ മരവിക്കലാണിതു! കുറ്റ–
മെന്റെയോ ഭവാന്റെയോ ദൈവത്തിന്റെയോ പക്ഷേ?
എറണാകുളം കായൽക്കരതൻ ദീപോത്സവ–
ത്തിരമാലയിൽത്തത്തും തെന്നലിന്നുല്ലാസത്തിൽ,
മിനങ്ങാൻ വയ്യാത്തത്ര രാജസങ്ങളാൽ പ്രൗഢ
മനന്തപുരംഹോട്ടൽ മുറിതന്നാലസ്യത്തിൽ,
അന്ധകാരത്തിൻനെഞ്ചിൽ വീണുപോം കോഴിക്കോടൻ–
ബന്തറിൻ ക്ഷണോൽഫുല്ല ശോണമാം വ്യാമോഹത്തിൽ,
അമ്പലത്തിലെയിലഞ്ഞിപ്പൂവാൽപ്പരിഷ്കാര–
സമ്പന്നം തൃശ്ശൂർത്തേക്കിൻകാട്ടിലെ സ്വാതന്ത്ര്യത്തിൽ
എങ്ങെല്ലാമിരുന്നു നാം കൈമാറീലാത്മാവിന്റെ
വിങ്ങലിൽക്കത്തും മിന്നാമിനുങ്ങിൻ വെളിച്ചങ്ങൾ!
ഏതെല്ലാം തമസ്സിൽ നാമന്യോന്യം പ്രകാശിച്ചീ–
ലേ,തെല്ലാം പ്രകാശത്തിൽ മുറുക്കിപ്പിരിഞ്ഞില്ല!
അന്നവ യാദൃച്ഛികനിമിഷങ്ങൾതാ,നെന്നാ–
ലിന്നവ തുറക്കുമ്പോൾ സ്ഫുരിക്കും സൗരഭ്യത്താൽ
ഹൃദയം കുളിർക്കുന്നൂ; കലിപോലെന്നെപ്പൂണ്ട
കദനം പിടിവിട്ടു നില്ക്കുന്നൂ സ്വല്പം നേരം!
ഭൂമിതൻ കേന്ദ്രംവരെ ത്താണുപോയ് സ്നേഹോജ്ജ്വല–
വ്യോമത്തിൽനിന്നക്കാലം ശ്വസിച്ച ലഹരികൾ!
കാണുമോ വീണ്ടും നമ്മൾ? കാൺകിലുമുണ്ടാമോ, ഇ–
ക്കാലത്തിനത്രത്തോളം വിടരും നാസാരന്ധ്രം?
ആശയുണ്ടെനിയ്ക്കെന്നേ ചൊൽവു ഞാൻ; എന്തായാലു–

മാതൃഭാഷയിലൊരു കത്തു ഞാൻ കാംക്ഷിക്കട്ടെ;
സ്നേഹിയ്ക്കുന്നവരുടെയനക്കംപോലും സ്നേഹ–
ദാഹിയാമാത്മാവിന്നൊരമൃതിൻ കണമല്ലോ!
അഥവാ ഭവച്ചിത്തശാന്തിതന്നിതൾ തിന്നും
വ്യഥയെന്ത? നാവശ്യമെങ്കിലുംചോദിപ്പേൻ ഞാൻ;
അർഹതപോലും തരാൻ മടിക്കും കാലത്തിന്റെ
ഗർഹണീയത കണ്ടുനിൽക്കയോ പുച്ഛത്തോടെ?
പറഞ്ഞാൽത്തന്നെദ്ദുഃഖം പാതിയായെന്നുണ്ടല്ലോ
പഴഞ്ചൊല്ല,തു പതിരാകിലും പറഞ്ഞാലും!

ഀഀഀ

എന്റെ മൗനത്തിൻ സാരമെന്തുമാവട്ടേ, ദുഃഖ–
ത്തിന്റെയീ സ്ഥലകാല ശൂന്യാന്ധപ്രപഞ്ചത്തിൽ
ആദിത്യചന്ദ്രന്മാർതന്നുദയാസ്തമയങ്ങ–
ളറിയാതെയും സർവഭാഷയും മറന്നും ഞാൻ
സ്വന്തമാം നട്ടെല്ലൂരിയൂന്നിയുമിരടിയും
സ്വന്തമാം കർമ്മത്തിൻ കാലടി പിന്തുടരുമ്പോൾ
പറയാമിതുമാത്രം; ഇന്നലെവരേയും ഞാ–
നറിഞ്ഞീലാരാണു ഞാനെന്നുള്ളതിത്രത്തോളം;
പറയാമിതുമാത്രം ആശയും വിശ്വാസവും
സ്ഥിരമിങ്ങു,രസ്സിലെ ച്ചോരയാൽ വിടർത്തും ഞാൻ
എന്നുരസ്സിങ്കൽപ്പൂഴ്ന്ന മുൾച്ചെടിയിന്മേലൊരു
പുണ്യമാമുഷസ്സിനെ നാളെയോ മറ്റന്നാളോ.
അതു വാടുമോ? വാടിപ്പോകിലെന്തുള്ളു? വിത്തി–
ന്നകമേ നിൽപ്പീലെത്ര നൂറുഷസ്സുകൾ വേറെ?

# ശ്രീവത്സപൂജ

**ക**ണ്ണുനീർത്തെളി ചിരിച്ചു തുള്ളിടിന

തോട്ടുവക്കിലൊരു കൈതവാ–
പഹ്നുതിത്തണലിലീശ്വരേച്ഛയുടെ
കൈത പൂത്തതു മണത്തവൻ;
മണ്ണിലുള്ള മലിനങ്ങളപ്പടി വി–
ഴുങ്ങിടും കറുകറുപ്പിലെ–
സ്വർണ്ണമോഹനമരാളധന്യപരി–
തുഷ്യമാനത മുകർന്നവൻ.

ആമ്പലിൻ കവിളു തൊട്ടറിഞ്ഞു ശിശു–
വിൻ വയറ്റിലെ വരൾച്ച നീ,
മാമ്പഴത്തിൽ മലയാളമങ്കയുടെ
മാതൃഹൃദ്വ്യഥ നുകർന്നു നീ,
നാമ്പിടുന്ന സുഖഭോഗവാസനകൾ
വേരിറക്കിയ നിലങ്ങളിൽ–
ച്ചാമ്പലായ യുഗനിസ്സഹായതകൾ–
തൻ കരച്ചിൽ ചെവിതേറി നീ.

ലില്ലി, താമര, പനീർ തുടങ്ങിയ സു–
മങ്ങളങ്ങയുടെ ഭാവനാ–
തല്ലജപ്രഭയണിഞ്ഞമേയസുഭ–

ഗങ്ങളായതു മറക്കിലും
പുല്ലുപോൽത്തരിശുകുന്നിലാരുമറി-
യാത്തമാതിരി പടർന്ന പാൽ-
വള്ളി താങ്കളുടെ തൂലികാഗ്രപരി-
ഷേകനിർവൃതി മറക്കുമോ?

ആന തന്നഴകു കണ്ടുനിന്നു തല-
യാട്ടി മണ്ണിൽ മറയും ജനം
കാണുമെന്നു കരുതാത്ത ജീവപര-
മാത്മസംസരണമല്ലയോ
ഞാനുണർന്ന പുരുഷാന്തരത്തിലെ മ-
നുഷ്യമാംസനയനത്തിൽ നീ
ജ്ഞാനദൃഷ്ടിയുടെ മൂർച്ചകൊണ്ടു മറ-
നീക്കിവെച്ചു പരിപൂർണതേ?

വ്യോമമാകെ നരമേധമാക്കുമണു-
ബോംബു തീർത്ത നരമേധതൻ
പ്രേമവാരിധിയിലേകപാദമുന
യൂന്നിനിൽപ്പൊരു തപോനിധേ,
ഭൗമസൗഖ്യമൊരു ചെമ്പിലമ്പഴഫ-
ലം പുഴുങ്ങിയതിൽനിന്നുമുൽ-
ക്കാമമീമ്പിയ ജഗൽക്കവീന്ദ്ര, ശത-
ധാര*ഭാവുക, ജയിക്ക നീ!

# ക്രിയാ കേവലം

കൊല്ലമോർമ്മിയ്ക്കുന്നില്ല, കുമരനല്ലൂരെന്റെ-
യില്ലത്തു ഭവാനോടിക്കിതച്ചു വന്നെത്തുമ്പോൾ
വെണ്ണിലാവായീ മധ്യാഹ്നച്ചുടുവെയിൽ തലയ്-
ക്കെങ്കിലും മഴയത്തുനിന്നേറിവരും പോലെ
ആകവേ നനഞ്ഞൊട്ടിയിരുന്നൂ ഭവൽ ശുഷ്ക-
ദേഹത്തെപ്പൊതിഞ്ഞ കൈറാട്ടുനൂലിലെ വെണ്മ
ആദ്യമായവസാനമായുമെൻ ഗൃഹപുണ്യ-
മാതിഥ്യം നിവേദിപ്പതാസ്വദിച്ചീടും മുമ്പേ,
ഇരിക്കുംമുമ്പേ, നെഞ്ചിൽക്കുപ്പായക്കുടുക്കുക-
ളഴിക്കും മുമ്പേ വന്ന കാലിലാരാഞ്ഞൂ താങ്കൾ,
'കിട്ടിയില്ലയോ കത്ത്?'ഞാനപ്പോൾ 'ഒരു കത്തും
കിട്ടിയിട്ടില്ലെ'ന്നെഴുന്നേറ്റു വന്ദനയോടെ.
മെല്ലെ മെല്ലെപ്പാഴിരുൾ കീറിക്കൊണ്ടുദിക്കുന്ന
ഫുല്ലമാനസശാന്തിപ്പുഞ്ചിരി വിടരുമ്പോൾ
തുറിച്ച വട്ടക്കണ്ണിന്നിമകൾ ചുരുങ്ങുമ്പോൾ
ഇരുന്നൂ ഭവാൻ വരാന്തയിലെപ്പടിയിന്മേൽ.
സന്ദേശകാവ്യം രണ്ടില്ലെന്നു കണ്ടപ്പോളത്തെ-
സ്സന്തോഷംകണക്കൊരു നിശ്വാസമവികൽപ്പം
വായുവിൽ പ്രചരിയ്ക്കെപ്പറഞ്ഞൂ 'സമാധാന-
മായെ'ന്നോ ഭവാനർദ്ധസംവൃതസ്വരത്തോടെ?
'കിട്ടാതെയിരിയ്ക്കില്ല നാളെയോ മറ്റോ തപ്പാൽ-
പ്പെട്ടിയിൽ ഞാനിന്നലെയിട്ട കത്ത,തുവന്നാൽ
വായിയ്ക്കാം, വായിയ്ക്കാതെയിരിയ്ക്കാം; പക്ഷേ കീറി
വായുവിൽ പറപ്പിക്കാനമാന്തിക്കരുതൊട്ടും:

വരില്ലാ പൊന്നാനിയ്ക്കെന്നതിൽ ഞാൻ കുറിച്ചിട്ടു;
വരുമെന്നിതാ, റൊക്കം പറയുന്നു ഞാൻ, പോരേ?

ഊഊഊ

‘ഇക്കാര്യം പറയുവാൻ മാത്രമോ,’ ചിരികൊണ്ടു
നിൽക്കുവാനാകാഞ്ഞെന്റെ മനസ്സിൽ തുള്ളിച്ചാടി
കൗമാരം, ‘തീവണ്ടിയിൽത്തിക്കിയും തിരക്കിയും
കൗതുകാവഹം സ്വന്തമിച്ഛതൻ പിമ്പേ കേറി
ചുടുവെയ്ലാളും നാലുമണിക്കൂറുകൾ താണ്ടി–
ക്കുടയില്ലാതെ ബസ്സിറങ്ങിയിക്കുഗ്രാമത്തിൽ!’

ഊഊഊ

അമ്പരപ്പെന്നാലൊട്ടും പുറത്തു കാണിക്കാതെ
വെമ്പി ഞാൻ താങ്കൾക്കൊരു വിശറി സമ്മാനിക്കാൻ!
ആദരവൊടുകൂടിക്കഴിച്ചൂ പിന്നെത്താങ്ക–
ളാഹാരം ജഠരാഗ്നിയ്ക്കാഹുതിയിടുംപോലെ.
എഴുന്നേറ്റുടൻ കൈയുകഴുകിച്ചോദിക്കയായ്,
‘വഴിയെന്തിനി വേഗം കോഴിക്കോട്ടെത്തിച്ചേരാൻ?’
‘കുട ഞാൻ തരാ’,മെന്നു ചൊല്ലി ഞാൻ; കേട്ടീലല്ലി?
നടകൊൾകയേ ചെയ്തു താങ്കളാ വെയ്ലത്തൂടെ!
നോക്കിനിൽപ്പായെൻ നിസ്സഹായത ഭവദ്രൂപ–
ശീഘ്രത വിദൂരത്തിൽത്തുളഞ്ഞുകേറുംവരെ.
ഇന്നലത്തെക്കത്തിട്ട പെട്ടിയാക്കവലയി–
ലിന്നുമുണ്ടെ,ന്നിട്ടുമിസ്സാഹസയാത്രാക്ലേശം
എന്തിന്നു വരിക്കുന്നു മാനവാത്മാവെന്നുള്ള
ചിന്തകൊണ്ടന്നല്ലയോ നരച്ചതെൻ മസ്തിഷ്കം?

# കലിമലം

‘‘ഇക്കലിമലമുള്ളിൽ പറ്റായ്‌വാൻ തക്കതൊരു
സൽക്കഥ ചൊല്ലേണം നീ’’യെന്നു പാടുന്നൂ ദൂരെ
എഴുത്തച്ഛനല്ല,മ്മ; ആ മുഖത്തെ വാത്സല്യം
തെഴുത്തീടുന്നൂ നിദ്രാണേന്ദ്രിയഗ്രാമം നീളെ
തിരിയും വിദ്യുച്ഛക്തിവിശറിക്കാറ്റിൻ കീഴി–
ലെരിയും നട്ടുച്ചതൻ മീലിതനയനത്തെ
മണ്ഡനം ചെയ്‌വൂ നഷ്ടകൗമാരസൗഭാഗ്യത്തിൻ
മണ്ഡലക്കാലം ! ‘‘പതിറ്റടി താണു’’ വെന്നപ്പോൾ
ഏതു കൈപ്പടത്തിന്റെ മൃദുശീതളക്വാണ–
മാധുരി വന്നെൻ തോളിൽത്തൊട്ടു? കൺ മിഴിയുമ്പോൾ
നറുനീണ്ടിതൻ നീരിൽ പഞ്ചസാരയുമൊട്ടുൾ–
ച്ചിരിയും ചാലിച്ചെന്റെ ചുണ്ടിനോടടുപ്പിക്കു–
മലിവേ, നിമിഷോന്മീലിതമാം പക്ഷ്മം പെട്ടെ–
ന്നറിവൂ, ‘‘പൊയ്പോയിതോ നിന്റെ കാതിലെ സ്വർണ്ണം?’’
‘‘പണയം വെപ്പിച്ചേനതിന്നലെപ്പഞ്ചാരയ്ക്കു
പണമില്ലാഞ്ഞിട്ടു,ള്ള കാലത്തു തിരിച്ചെടു–
ക്കുകയല്ലയോ വേണ്ടൂ? കൽപ്പനയെടുത്താലും
സുഖമാവില്ലാഹാരമെന്നാവാൻ പാടില്ലല്ലോ!’’

ഊഊഊ

മധുരം ചുണ്ടത്തെ മൺചട്ടിയിൽസ്സോമം; പക്ഷേ,
മധുരതരം തോഴീ, നിന്റെയുൾഗീഥം തന്നെ.
ഞാനതിലലിയുമ്പോൾ പൊട്ടുന്നൂ കലിമല–

ജ്ഞാനവാരിധി കോരിയെടുക്കും മൺചട്ടികൾ.
ദൂരദുർഭഗധർമ്മവശനാകിലും കാതി–
ലീരവം നിന്നാലില്ല വിധുരവിലാപം മേ.
താണുവോ പടിഞ്ഞാട്ടു സവിതാവെ? ൻ ചുണ്ടത്തെ
പ്രാണസ്പന്ദനഹർഷഗായത്രീസ്വനം കേൾക്കാൻ
എന്റെ കൗമാരത്തിലെസ്സന്ധ്യകളയവിറ–
ത്തെത്തുന്നു ശോണങ്ങളാം ഗോക്കളല്ലയോ വീണ്ടും?
എത്രയുണ്ടിനി ബാക്കി കൽപ്പനദ്ദിവസമെ–
ന്നെണ്ണുവാനത്രേ പക്ഷേ, വിരൽ ഞാൻ മടക്കുന്നു.
അധുനാ കലിമലവ്യാപ്തിയാൽ മനശ്ശാന്തി
ബധിരീഭവിക്കുന്നു പിന്നെയുമെങ്കിൽക്കൂടി
വെള്ളി കെട്ടിയ ജപമാലയിൽ തിരിപ്പിടി–
ച്ചല്ലി താരകമന്ത്രം സ്വദിപ്പൂ പരബ്രഹ്മം!

## കമ്പി

**മേ**ഘങ്ങളില്ല, മയൂരങ്ങളില്ല, ദാ–
ത്യൂഹങ്ങളില്ല സന്ദേശം ഹരിയ്ക്കുവാൻ.
ഇന്നു വെള്ളപ്പിറാവിന്നും കഴിവില്ല
മന്നിനൊട്ടുക്കു വിവരങ്ങൾ നൽകുവാൻ
കുഞ്ചിതപാദനായോടും കുതിരതൻ
കുഞ്ചിരോമത്തോടുരസുന്ന സഞ്ചിയും
ശക്യമല്ലിന്നത്തെയഭ്യസ്തവിദ്യനാം
വ്യക്തിയിൽ സാമൂഹ്യബോധമുണർത്തുവാൻ.
കമ്പിയിലൂടെ പറക്കുന്ന വാർത്തയാൽ
കമ്പിതമിന്നത്തെ മാനവജീവിതം.
ഞങ്ങളാവാർത്തതൻ മൗനപ്രതീകങ്ങൾ,
ഞങ്ങളേ നിങ്ങൾതൻ പ്രാണമരുത്തുകൾ.

## തലമുറവിടവ്

**വാ**ക്കുകൾ കൂട്ടിച്ചേർത്തു രസിച്ച പുലർകാലം
പോക്കുവെയ്ലൊളി മങ്ങും പശ്ചിമസമുദ്രത്തിൻ–
കരയിൽ ചെന്നെത്തിയതെപ്പൊഴായാലെന്തെ, നി–
ക്കറിവുണ്ടായിത്തീർന്ന ധന്യമീ മുഹൂർത്തത്തിൽ
ദേവി, ഞാൻ വെറുമൊരു നശ്വരൻ; ഒരിക്കലു–
മാവില്ല സന്ധ്യാകാശച്ചെമ്പവിഴവും പാതി–
രാവിന്റെ കയങ്ങളിൽ വിളയും മുത്തും ചേർത്ത
കേവലബോധത്തിന്റെ സൗവർണ്ണോപഹാരങ്ങൾ
നിന്റെ നിത്യതയുടെ കണ്ഠനാളത്തിൽച്ചാർത്താ–
നെന്റെ സാഹസത്തിന്നെന്നുറപ്പായിരിക്കുന്നു!

കടം വാങ്ങിയ ഭാഷ, കടം വാങ്ങിയ വാക്യ–
ഘടനാപരിചയം, കടം വാങ്ങിയ വസ്തു–
സ്ഥിതിബോധവും; പിന്നെയെന്തുണ്ടെൻ പൈക്കൂറയിൽ

ധനമെന്നെന്നെത്തന്നെ ഞാൻ വിചാരണചെയ്കെ,
മധ്യായുസ്തിമിരതീരത്തിലുമൊരു പദം
മറ്റൊരു പദത്തോടു ചേർക്കും കൈ വിറയ്ക്കുമ്പോൾ
മറ്റൊരു തലമുറ വരുന്നൂ കടമായി–
ക്കിട്ടിയ യാതൊന്നുമില്ലെങ്കിലെന്താകാശത്തു
മുട്ടിടും കരിമ്പനക്കരുത്തുള്ളവർ, വായു–
വസ്ത്രാച്ഛാദിതസ്ഥൂലവിഗ്രഹർ! ധീരോദ്ഘോഷ–
യാത്രയിൽ വിറപ്പിപ്പൂ ദിക്കുകൾ, വിദിക്കുകൾ;
മാത്ര ഞാനൊളിപ്പേനെന്നാത്മീയസങ്കോചത്തിൽ!
''നോക്കുകെന്തതിശയ''മെന്നാർത്തുവിളിച്ചവർ
മൈക്കിലൂടൊലിപ്പിക്കും ശാബ്ദികപ്രപഞ്ചത്തിൻ–
നേർക്കൊരു വൈദേശികഭാഷയിലെഴും പേച്ചു
കേൾക്കുന്നപോലെന്നുള്ളിൽ ചെവികൂർത്തു ഞാൻ വാഴ്കെ,
അരിവാങ്ങുവാൻ മത്തി വാങ്ങുവാൻ വെമ്പും ലോകം
തെരുവിൻ മായാവിദ്യക്കാവ്യാലാപന കേൾക്കാൻ
വടികുത്തിയും കമ്പിക്കാൽകളിൽച്ചാഞ്ഞും നിന്നു
മടിയിൽത്തടയുന്ന ബീഡിയിൽത്തീ പറ്റിക്കെ,
അത്ഭുതസ്തിമിതരായജ്ഞാനസന്തുഷ്ടരാ–
യൽപ്പാൽപ്പസ്മിതം തമ്മിൽപ്പകർന്നു സുഖിക്കുന്നു.
ഉകാരമൊടുങ്ങിയിട്ടകാരമെടുക്കുമ്പോൾ
വകാരം വരണമെന്നറിവില്ലെങ്കിൽക്കൂടി
വഴിയിൽക്കിടക്കുന്ന കാലിൻമേലിരടിയ
മൊഴികൊണ്ടീ വല്ലഭർ സംഗീതം കൊരുക്കുമ്പോൾ,
പതിനായിരം ശീർഷം കുലുങ്ങീടുമ്പോ,ളിരു–
പതിനായിരം കൈകളന്യോന്യം സ്പന്ദിക്കുമ്പോൾ,
വലയമില്ലാതൊരാൾ വലയം ചാടുന്നതും
വായിൽ വന്നതു കോത പാട്ടാക്കിച്ചൊല്ലുന്നതും
നിരുപിച്ചുകൊണ്ടെന്നാത്മാവിലെഗ്ഗതകാല–
പരതന്ത്രതയിൽ ഞാൻ പിടഞ്ഞാൽ പിടഞ്ഞോട്ടെ;
അപ്രിയം ഭാവിക്കാതെയണിവൂ നീയാജ്ജീവ–
ബുൽബുദോപഹാരങ്ങൾ സസ്പൃഹസ്മിതത്തോടെ.
ദേവീ, ഞാൻ വെറുമൊരു നശ്വരൻ; ഒരിക്കലു–
മാവില്ല പവിഴവും മുത്തും ചേർത്തൊരു മാല്യം
നിന്റെ നിത്യതയുടെ കണ്ഠനാളത്തിൽച്ചാർത്താ–
നെന്റെ സാഹസത്തിന്നെന്നുറപ്പായ്; എങ്കിൽക്കൂടി
സുവിനീതനായ് പ്രാർത്ഥിക്കട്ടെ ഞാനാത്മാവിലെ–
സ്സുഖസുന്ദരസുഷുപ്തിയിലാണ്ടിടും മുമ്പേ
സ്തുത്യരീത്തലമുറക്കാരുടെ നിസ്സങ്കോച–
പ്രത്യയസ്ഥൈര്യം ഭാവിക്കിതിഹാസമാവട്ടെ!

## അപഹ്നുതി

**കൈ**യുകൊണ്ടെഴുതുന്നു, വിരൽകൊണ്ടെഴുതുന്നു
പെന്നുകൊണ്ടെഴുതുന്നു, മഷികൊണ്ടെഴുതുന്നു.
എഴുതാനാശിച്ചാലോ? കരൾച്ചില്ലയിൽ പ്രജ്ഞ
മിഴി പൂട്ടുന്നു, തുവലൊതുക്കി മയങ്ങുന്നു.
കൈയല്ലാ വിരലല്ലാ പെന്നല്ലാ മഷിയല്ല

കൈതവം വായ്പോരപഹ്നുതിയായ് ഞാൻ നിൽക്കുന്നു.
ആരെഴുതുന്നു? എന്റെ മജ്ജയിൽപ്പാലാഴിയിൽ
കാരണസ്വരൂപം പൂണ്ടുണരുന്ന നീയാരോ?

ഊഊഊ

കണ്മയക്കും വർണ്ണരേഖാവിലാസങ്ങൾ,
കാതു കുളിർപ്പിച്ചിടും സ്വരഭംഗികൾ,
നാവിന്നഭിരമണീയമധുരങ്ങൾ,
നാസികോന്മേഷപരിമളപൂർത്തികൾ,
രോമഹർഷപ്രദസ്പർശമൃദുത്വങ്ങൾ–
രോചനസജ്ജങ്ങൾ വാസ്തവസത്തകൾ
അഞ്ചുവഴിക്കു പിടിച്ചു വലിയ്ക്കയാ–
ലഞ്ചിപ്പിടഞ്ഞു നിലവിളിക്കുന്നു ഞാൻ.
കൃഷ്ണയെപ്പോലെപ്പിടയുമിജ്ജീവന–
തൃഷ്ണതൻ നഗ്നതാബുദ്ധിയെസ്സപ്രിയം
മുക്തമാക്കുന്നതെന്നായിരിക്കും കാല–
ചക്രപാണേ, നിന്റെ ദിവ്യനീലാംബരം?
ഇല്ല ബദ്ധപ്പാടൊ,ടുവിലായെൻ കാട്ടു–
പുല്ലാങ്കുഴലെടുത്തൂതുവാൻ നോക്കവേ
കാണാതിരിപ്പതേ സങ്കടം: കട്ടതാ–
രാണതു തന്നവനായ നീയെന്നിയേ?

## മൃതഘടിക

‘‘തിരുവാതിരഞാറ്റു വേലയിൽപ്പെയ്യും തിരി–
മുറിയാമഴ; എന്തിനാണതെന്നറിയാമോ?
ദേവന്മാർ ഭൂലോകത്തെ പുണ്യവത്താക്കാൻ വേണ്ടി
തൂവാറുണ്ടമൃതപ്പോളമൃതഘടികയിൽ.
അമൃതുൾക്കൊണ്ടീടേണം മഴവെള്ളരൂപത്തി–
ലഖിലജീവന്മാരുമെന്നാണാച്ചെയ്തിയ്ക്കർത്ഥം.
കുടിച്ചേ തീരൂ പച്ചവെള്ളമിക്കാലത്തിടയ്
ക്കിടെ നാം: പുനർജ്ജന്മത്തിന്റെ വേരറുക്കണ്ടേ?’’

ഊഊഊ

ഉരിയാടീ പണ്ടെന്റെ മുത്തപ്ഫൻ; വിയർക്കുന്നു
തിരിയാപ്പങ്കക്കീഴിൽ തിരുവാതിര ഞാറ്റു–
വേലയിന്ന,വശിഷ്ടകാനനങ്ങളിൽ വൃക്ഷ
വേരുകൾ തീയിട്ടുണക്കുന്ന വാനരന്മാരേ,
നിങ്ങളെക്കാൺകെബ്ബുധശുക്രന്മാരകലുന്നു;
നിങ്ങളെക്കാൺകെച്ചന്ദ്രൻ വെളുക്കെച്ചിരിയ്ക്കുന്നു!

## ബലഭദ്രന്റെ ചിരി

നിളതൻ വാമതീരത്തെ–
ത്തുള്ളലിൻ ശ്വാസവായുവിൽ
അതിൻ ദക്ഷിണതീരത്തെ
വില്വാദ്രീശാങ്കഭൂമിയിൽ

പുനർജനിയിൽനിന്നാരീ–
യെഴുന്നേറ്റു വരുന്നവൻ,
പനന്തലപ്പത്തു തൂങ്ങും
കുടംചായ്ച്ചു കുടിപ്പവൻ?

ബലഭദ്രനിവൻ പെട്ടെ–
ന്നെന്തേ വഴിയിൽ നിൽക്കുവാൻ?
ഓരത്തപ്പച്ചെടിക്കുള്ളിൽ
നിൽപ്പൂ ഞാൻ സംശയത്തൊടെ.

കാലടിക്കീഴിലെപ്പഞ്ച–
വർണ്ണത്തൂവലെടുത്തിവൻ
കുഞ്ഞിരാമക്കിളിയുടെ
കൂജനം ചെവിടോർക്കയോ?

സ്വന്തം ശിശുവിനെത്തേടി–
പ്പണ്ടീക്കുന്നിന്റെ പള്ളയിൽ
അലഞ്ഞ പൂതപ്പാട്ടിന്റെ
തേങ്ങലോ കണ്ടെടുത്തു നീ?

അരോഗദൃഢനാജാനു–
ബാഹു നീ വൃദ്ധയൗവനൻ
പൂരുഷാകാരസങ്കൽപ്പ–
സൗഭഗത്തിന്റെ മൂർത്തിയോ?

നിന്റെ വായ തുറക്കുമ്പോൾ
വിദ്യുജ്ജിഹ്വാഞ്ചലങ്ങളാൽ
ഉതിരും ശീതളജ്ജ്വാല
ഞങ്ങൾക്കുദ്ബോധമേളനം.

ഭവാന്റെ ചൂർണികാഗദ്യം
പദ്യത്തെക്കാൾ പ്രഭാമയം;
തിരുകുന്നുണ്ടതെൻ വായിൽ–
പൂതുപ്പൂവൻപഴങ്ങളോ?

ഞങ്ങൾക്കുള്ളിൽത്തിമിർക്കുന്ന
ലില്ലിപ്പുഷ്യനഹന്തകൾ
ഞെളിഞ്ഞു പിരിയാനെന്തേ?
ജവാൽക്കണ്ണു തുറിക്കയോ?

ചെറുനാവിൽക്കോർത്തുപോയോ
മൊട്ടുസൂചി? ചിരിക്കയോ
കരയുമ്പോൾത്തന്നെ ഞങ്ങൾ–
ക്കുള്ളിൽച്ചൂളുമഹന്തകൾ?

'അരതാമര'യിൽത്തത്തും
ബിൽഹണപ്രതിഭാങ്കുരം
ഞങ്ങൾക്കുള്ളിൽ ഫ്രോയിഡിന്റെ
ജയധ്വനി മുഴക്കിയോ?

വിർജീനിയാ വുൾഫിനുള്ള
ശബ്ദബോധവിവർത്തനം
നുണയ്ക്കയോ താരകങ്ങൾ
ഞങ്ങൾതൻ നീലരാത്രിയിൽ?

കണ്ഠനാളങ്ങളഴകിൽ

കുനിയെബ്ഭക്ഷ്യസാധനം
ആനപ്പിണ്ടം പോലുരുട്ടി
വാതോരാതെ ബ്ഭുജിപ്പവർ

ഞങ്ങളോർക്കുന്നു ചൊവ്വല്ലൂ–
രന്യോന്യത്തിന്റെ വൈഭവം,
മൂക്കും മുലകളും പോയ
വാക്കിൻ സൗന്ദര്യഭീഷണി.

ഞങ്ങളത്ഭുതബീഭത്സ–
ഭാവഹാവവശംവദർ
ചിരിച്ചിട്ടും ജരച്ചിട്ടും
മരിച്ചിട്ടു ജനിയ്ക്കവേ

നടന്നു പോകയോ കാലു
നീട്ടിവെയ്ക്കും മഹാബലൻ
ദില്ലിയ്ക്കല്ലെ,കൃരാഷ്ട്രീയ–
സോപാനങ്ങൾ മെതിക്കുവാൻ?*

ഭാഷയ്ക്കുള്ളിൽ ഭാഷ തീർത്ത
നർമമേ, വിജയീ ഭവ!
ലോകദുഃഖലവം വറ്റി–
യാലോ നിന്നംശുമാലയാൽ!

# അദ്വൈതം

ഇന്ദിരാഗാന്ധിയനുഗ്രഹം ചോദിച്ചു
ശങ്കരാചാര്യരനുഗ്രഹിച്ചു.
വീരേന്ദ്രപാട്ടീലനുഗ്രഹം ചോദിച്ചു
ശങ്കരാചാര്യരനുഗ്രഹിച്ചു.

രണ്ടുപേരും കാറിലേറി നീങ്ങീ; വായു–
മണ്ഡലമാർന്ന പൊടിപടലം
ഒരോ തരിയായി നിശ്ശബ്ദതയുടെ
മാറത്തു വീണു മയക്കമായി

പൂജയും മധ്യാഹ്നഭിക്ഷയും തീർന്നപ്പോൾ
പൂമുഖത്തെത്തിക്കുറച്ചു നേരം
ഉച്ചക്കുളിർകാറ്റു കൊണ്ടുകൊണ്ടാചാര്യർ
വിശ്രമം കൊള്ളുകയായിരുന്നു.

ശിഷ്യനവധാനപൂർവ്വം സമീപിച്ചു
പുഷ്യൽകുതുകമൊതുങ്ങിനിന്നു;
''എന്താണു കാര്യം?'' എന്നാചാര്യർ; ശിഷ്യനോ,
'' ഏതാവതെ''ന്നു ചിരിച്ചുചൊല്ലി.

''ശത്രുക്കളായ രണ്ടാളെയും സ്വാമിജി
മിത്രഭാവത്തിലനുഗ്രഹിച്ചു
എന്താണതിന്റെ പൊരുളെന്നറിയാതെ
ചിന്താവിവശനായ് നിൽക്കയാം ഞാൻ.''

ആചാര്യരപ്പോൾ ചിരിച്ചിരുകൈകളു–
മായാൾക്കുനേരെ വിടർത്തിനീട്ടി;

‘‘ആരുടേതിക്കൈകൾ?’’ എന്നുടൻ ശിഷ്യനോ–
ടാരാഞ്ഞശേഷം മൊഴിഞ്ഞു വീണ്ടും.

‘‘മാധ്വനിക്കൈകളെ രണ്ടായിക്കണ്ടപ്പോൾ
സാധ്വസം സഞ്ജാതമായി പാരിൽ;
ശങ്കരൻ രണ്ടുമൊരാളുടേതായ്ക്കാൺകെ–
ശ്ശങ്കാവിഷങ്ങളകന്നുപോയി.’’

## സ്വിച്ചെവിടെ?

മാസത്തിലെന്നാണൊഴിവെനിയ്ക്ക,ന്നു ഞാൻ
മാമകഗ്രാമത്തിലെത്തുന്നു,
സൂര്യോദയത്തിൽ കുളിപ്പൂ, പലകമേ–
ലീറൻ വിഴുക്കാതിരിയ്ക്കുന്നു

ദ്യോവിങ്കൽ നിന്നിനി ചാണം മെഴുകിയ
ഭൂവിലാവാഹിച്ചിരുത്തേണം
മൽഭരദേവതേ, നിന്നെ ജലഗന്ധ–
പുഷ്പാനുവിദ്ധമാം മന്ത്രത്താൽ.

കൈയനങ്ങീടിലും നാവനങ്ങായ്കയാൽ
തിയ്യെന്നപോലെ ജ്വലിക്കുമ്പോൾ
മന്ത്രം മറന്ന പൂജാരി ഞാൻ, നിശ്ചല–
യന്ത്രവിഷാദം രുചിയ്ക്കുന്നു.

തന്ത്രം മുഴുവനാക്കേണ്ടയോ, നിൻ മൂല–
മന്ത്രം മറപ്പിച്ചതെന്തമ്മേ,
കോരിച്ചൊരിവൂ വിയർപ്പു മെയ്യിൽ കൊട്ട–
ക്കോരികൊണ്ടപ്പൊഴേക്കാരമ്മേ?

ലോകത്തിലെല്ലാം നിറഞ്ഞുനിൽക്കും വായു–
വേകും വിയർപ്പിൽനിന്നാശ്വാസം
ഫാനിനെ സ്വിച്ചിട്ടുണർത്തിയെങ്കിൽ, *സ്വിച്ചു–
കാണാത്ത വിഭ്രമം തീർത്താലും!

## പർണ്ണശാലയിലെ മുഹൂർത്തം

എണ്ണയിൽ തിരി മുക്കിയെടുത്തപ്പോൾ
സ്വർണ്ണകോടീരം ചൂടിയതെങ്ങനെ?
സ്വർണ്ണകോടീരം ചൂടിയ കൈത്തിരി
പർണ്ണശാല നിറഞ്ഞുതുളുമ്പവേ
പർണ്ണശാലപ്പുറത്തേയ്ക്കു ചാടിയ
കണ്ണു കുത്തിപ്പിളർക്കും തിമിരമേ,
നാഴികകൾക്കിടയിലക്കൈത്തിരി
നാലിലൊന്നായ് ച്ചുരുങ്ങിയിരിക്കുന്നു.
അഞ്ചുപത്തു വിനാഴികയ്ക്കുള്ളിലീ–
പ്പുഞ്ചിരിയും പൊലിയും, അറിവൂ ഞാൻ.

ൟൟൟ

മുക്കിലുണ്ടൊരു വിഗ്രഹം: സ്പഷ്ടമാ
വിഗ്രഹത്തിന്റെ രൂപവും മാഞ്ഞുപോം
എണ്ണ വറ്റിപ്പടുതിരി കത്തിയാൽ;
ഒന്നുടനെ നമസ്കരിയ്ക്കട്ടെ ഞാൻ.

## അഗ്നിഹോത്രിയും വി.ടി.യും

യൂറോപ്പു, ഹിറ്റ്ലർതൻ ബൂട്സിന്നു കീഴിൽച്ചെ–
ഞ്ചോര ഛർദ്ദിച്ചു പിടഞ്ഞിടുമ്പോൾ
പണ്ടുഞാൻ തൃത്താലെ ബസ്സിറങ്ങിക്കൊടു–
മുണ്ടയ്ക്കു കാൽനടയാരംഭിക്കേ
(എന്റെയമ്മാത്തു കൊടുമുണ്ടയാണെന്ന–
തേറെപ്പേർക്കിന്നുമറിഞ്ഞുകൂടാ)
തൃത്താലെപ്പാടത്തെ രണ്ടായ്പ്പകുക്കുന്ന
ചെത്തുവഴിതന്നരികിലായി
അത്താണിപ്പക്കത്തൊരാലു കണ്ടൂ, താഴ–
ത്തിത്തിരിവട്ടം കുളിരു കണ്ടൂ
വെള്ളിയാങ്കല്ലിൽ കുളിച്ചു ബലിയിട്ട
തള്ളമാരുച്ചയ്ക്കവിടെയെത്തി
താഴത്തെഴും വഴിയമ്പലത്തിന്റെ സം–
ഭാരകാരുണ്യം രുചിച്ചശേഷം
വെറ്റില തിന്നു പഴമ്പുരാണത്തിന്റെ
കെട്ടഴിയ്ക്കുന്നതും കണ്ടുനിന്നേൻ,
''തൊണ്ണൂറ്റിയൊമ്പതു യാഗങ്ങൾ ചെയ്തതീ
മണ്ണിൽവെച്ചാണേ പണ്ടഗ്നിഹോത്രി''
ആറ്റുവക്കത്തെ വെലിയ്ക്കരി കൊത്തിവ–
ന്നാൽക്കൊമ്പിൽ വിശ്രമംകൊണ്ട കാകൻ
കൗതുകത്തോടെ തലകുനിച്ചക്കഥ
കാതോർത്തിരിയ്ക്കുകയായിരുന്നു.

഻഻഻

അക്ഷരബ്രഹ്മത്തിൻ മാറത്തമേരിക്ക
നക്ഷത്രയുദ്ധക്കളം രചിയ്ക്കേ
ഇന്നിതാ, ഞാൻ മിസിസ് വീട്ടിയെക്കൈത്തൊഴാൻ
ചെന്നിറങ്ങീ ബസ്സവിടെത്തന്നെ.
പക്കത്തു പൈപ്പുകാൽപ്പൊയ്കയിൽ പൂങ്കുയിൽ
പക്ഷം വിടർത്തിക്കുളിച്ചിരുന്നു.
ചായം പിടിപ്പിച്ചു ചില്ലിട്ട കോൺക്രീറ്റു–
ചായക്കടയാണവിടെയിപ്പോൾ
തോളിൽ തലമുടി ചിന്നിയും കാഞ്ചന–
മാല കഴുത്തിലണിഞ്ഞുകൊണ്ടും
നാലഞ്ചു ചോരത്തുടുപ്പുള്ള യൗവന–
ശാലികൾ ബഞ്ചിലിരുന്നിരുന്നു.
ചായകുടിയ്ക്കെ സ്മരിക്കുന്നു, പട്ടുകു–
പ്പായമണിഞ്ഞ ദുബായിവാസി
''ലോകയോഗക്ഷേമമന്ത്രമാദ്യം വി.ടി.
പാകിയിരുന്നതിവിടെയാണേ!''

഻഻഻

കാകനില്ലാലിന്മേലെങ്കിലെന്തി,പ്പൊഴെ–

ന്നേകാന്തതതന്നഗാധതയിൽ
ആയിരം പൂങ്കുയിൽ പാടുന്നു, നിത്യമാ–
മാത്മീയമുക്തിപ്രഭാതഗീതം.

# ആനയുടെ കഥ

അടിതെറ്റിയിട്ടാന വീണപ്പോൾ, മുതുകത്തെ

കുടിയൻ പാറപ്പുറത്തുരുണ്ടുപിരണ്ടപ്പോൾ,
അവനെജ്ജനം വന്നു ടാക്സിയിൽ കൊണ്ടോവുന്ന–
തരികത്തെങ്ങാ,ണ്ടപ്പോത്തിക്കരിയ്ക്കടുത്തേയ്ക്കോ?
'കാലൊടിഞ്ഞിട്ടുണ്ടത്രേ പാപ്പാന്റെ' –ഗജത്തിനെ–
ക്കാണുവാനോടിക്കൂടുന്നവർതൻ സഹതാപം!
അടിതെറ്റിയിട്ടാദ്യം വീണ ജന്തുവിനെന്തു–
ണ്ടസുഖം? ഗൗനിക്കുന്നില്ലതുമാത്രമിങ്ങാരും!
ഇതുപറ്റില്ലെന്നാന ചീറിക്കൊണ്ടെഴുന്നേൽക്കേ,
കുതികാൽച്ചറമണം വായുവിൽ പ്രസരിക്കേ,
ചുറ്റുപാടിലെജ്ജീവജാലത്തെച്ചവുട്ടിയും
കുത്തിയും പാറപ്പുറത്തടിച്ചും നിഹനിയ്ക്കേ,
ഗജദർശനകുതൂഹലചിത്തരൊട്ടേറെ
നിജജീവനും താങ്ങിയകലേയ്ക്കോടിപ്പോകേ,
മണ്ടയിൽപ്പരിസരം വട്ടത്തിൽ കറങ്ങുമ്പോൾ,
രണ്ടടിദൂരത്തതാ, വീഴുന്നൂ ഗജം വീണ്ടും!

ൗൗൗ

ഫോണുകൾ ശബ്ദിക്കുന്നു; ദൂരെയുമിരുക്കാലി–
പ്രാണികൾക്കാനപ്പേടി കൊണ്ടകം പകയ്ക്കുന്നു.
ഇരച്ചെത്തിയ ജീപ്പിൽനിന്നു പൊയ്‌വെടിയേറ്റ
തരിപ്പാൽക്കരിവീരൻ മയക്കം പ്രാപിക്കുന്നു.
വ്യോമയാനത്തിൽക്കൂടി വിദേശങ്ങളിൽപ്പോലും
കാൽമണം പ്രസരിയ്ക്കുന്നുണ്ട,യൽക്കാരപ്പൊഴും
മൂക്കിൽക്കൈവിരലുകളിട്ടു വീടുകൾക്കുള്ളിൽ
മൂകത ഭജിക്കുന്നു, മുനിമാരായ്ത്തീരുന്നു.
ആനതൻ പാദത്തിൽനിന്നൊലിയ്ക്കും ചറമാട്ടേ,
അപ്പൊഴുമാകാശത്തു ദുർമ്മണം പൊഴിയ്ക്കുന്നു.

# അലക്കുകല്ലിന്റെ ഭാഷ

പുഴമ്പാറക്കല്ലായിരുന്നെങ്കിലിന്നും

കുഴപ്പം യാതൊന്നും വരാതിരുന്നേനേ
ഇരച്ചൊഴുകുന്ന തണുപ്പിൽ കാലടി–
യുറപ്പിച്ചു നിർത്താൻ കരുത്തില്ലാഞ്ഞല്ലി
അഗാധതകളിൽ പതിച്ചു ഞാൻ? വീണ്ടു–
മടിയുറവിൽപ്പെട്ടുയർന്നുപോയി ഞാൻ?
കരകളിൽ മുട്ടിയുരഞ്ഞൊടുവിലി–
ക്കഴമുഴയില്ലാപ്പലകയായി ഞാൻ.
കരഞ്ഞീലെത്ര ഞാൻ, പൊരിഞ്ഞീലെത്ര,യെൻ
കരളിൽവെച്ചാരും പുറത്തു കേൾക്കാതെ?

ൟൟൟ
മഴയൊഴിഞ്ഞപ്പോൾ ശരത്തായ്, മഞ്ഞിന്റെ
മറയും വന്നു,പോയ്, ഇലകൊഴിച്ചലാൽ
മരങ്ങളാനഗ്നം വെറുങ്ങലിക്കിലും
ചിരിച്ചല്ലോ പുനർവസന്തസംഗത്തിൽ.
ഒടുവിൽ വേനലിൽ മനുഷ്യജീവിക–
ളൊരുകുടം നീറ്റിന്നൊരായിരം കാതം
നടന്നിപ്പേർപെറ്റ പുഴമണൽത്തിട്ടി–
ലുലാത്തുമ്പോൾ, കാണും ശിലകളോരോന്നും
എടുത്തു ലാളിച്ചു തടവിനോക്കുമ്പോൾ
എനിക്കെന്തേ നെഞ്ചം കിടുകിടുക്കുവാൻ?

ൟൟൟ
പുഴമ്പാറക്കല്ലു തിരഞ്ഞവനെന്നെ
പുഴക്കി കൊട്ടയിലെടുത്തുവെച്ചപ്പോൾ
അതെന്തിനാണെന്നു മനസ്സിലായില്ല;
മനസ്സിലായിട്ടും പ്രയോജനമില്ല;
നിലവിളിക്കുവാനെനിക്കു നാവുണ്ടോ?
കരയണമെന്നുണ്ടെ, നിക്കുണ്ടോ കൺകൾ?
ചെറുക്കണമെന്നുണ്ടെനിക്കുണ്ടോ കൈകൾ?
ചവിട്ടണമെന്നുണ്ടെ, നിക്കുണ്ടോ കാൽകൾ?
തലയിൽവെച്ചെന്നെച്ചുമന്നുവേർത്തവൻ
ചളിമണപ്പിച്ചാനവന്റെ കുപ്പായം.

ൟൟൟ
ഒടുവവൻ നിജഗൃഹപരിസര–
ക്കിണറ്റുവക്കത്തു പ്രതിഷ്ഠിച്ചപ്പോഴും
അവന്റെ വീട്ടിലെ വിഴുപ്പുകളൊട്ടു–
ക്കലക്കാനാണെന്റെ മുതുകെന്നോർത്തില്ല
ഇനിയെന്നിജ്ജന്മമെനിക്കു മോചന–
മനന്തപദ്മനാഭനായ്ത്തീർന്ന കല്ലേ?
അവിടുന്നും കൃഷ്ണശിലാപ്രപഞ്ചത്തി–
ന്നഭേദ്യാംശമായിട്ടടിയന്റെതന്നെ
ഉടപ്പിറപ്പായിട്ടമർന്നവനല്ലേ?
അപൂജിതനായിക്കിടന്നവനല്ലേ?

ൟൟൟ
അമേയമാമേതോ പുരാണപുണ്യത്താ–
ലവിടുന്നാമ്നായപ്രപോഷിതനായി;
അടിയനോ, പൂർണ്ണശിലാവിഭിന്നനാ–
യടർന്നധഃപതിച്ചിവിടെയുമെത്തി;
പുഴമ്പാറക്കല്ലായ്ത്തുടർന്നെങ്കിൽപ്പക്ഷേ,
കുഴപ്പമിന്നും മേ വരാതിരുന്നേനേ.
അവസാനമിങ്ങുണ്ടൊരാശ്വാസം മാത്രം;
അലക്കുകാരനും ചരാചരങ്ങളെ
ഭരിക്കും ശാശ്വതപ്രപഞ്ചസത്തതൻ
പരസ്സഹസ്രാംശാവതാരമാണല്ലോ!

ൟൟൟ
അലക്കട്ടെ മതിവരുംവരെ സ്വന്തം
വിഴുപ്പവനെന്റെ മുതുകത്തുതന്നെ.
അതെന്റെ വാഴ്വിലെ പ്രയോജനം ; നാളേ–
ക്കുതകാവും പൊക്കിൾക്കൊടിയിലെപ്പദ്മം.
അനന്തതയിലാപ്പരിമളം ചുറ്റി–
പ്പടർന്നാലും കൊള്ളാം, പടർന്നില്ലെങ്കിലും
എനിക്കിനിപ്പകലൊടുങ്ങിടും വരെ–
സ്സഹിക്കണം മുതുകടച്ചിൽ: എന്നാലും

പുലർന്നിടുംവരെത്തളർന്നുറങ്ങിടാം
പിറകെ, ഞാനതിൽച്ചരിതാർത്ഥൻ സ്വാമിൻ!

## വിവേകാനന്ദം

''മുത്തച്ഛൻ കണ്ടിട്ടുണ്ടാവും വിവേകാനന്ദനെ,''
മുഗ്ദ്ധശൈശവത്തിന്റെ സംശയം; ഞാനോർക്കുന്നു,
എന്നിലെ വിവേകാനന്ദനെയും തേടിപ്പണ്ടു
ചെന്നു ഞാൻ; വാതിൽപ്പിന്നിൽ സ്വരഗാംഭീര്യം, ''ബ്രഹ്മ–
ചാരിയോ വിഷയിയോ?'' ഉച്ചരിക്കും ഞാൻ ബ്രഹ്മ–
ചാരിയെന്നെമ്മട്ടിൽ? എൻമനക്കൺമയക്കത്തിൽ
കണ്ടെത്തും രേതഃക്ഷയം   തേജസ്വി! ഒരക്ഷരം
മിണ്ടാതെയരക്ഷണം നിന്നുവോ? ചെവിക്കൊണ്ടു:
''പോക നീ, നഷ്ടപ്പെട്ട രേതസ്സു സമ്പാദിച്ചി–
ട്ടാകട്ടേ മോക്ഷശ്രദ്ധ, വിസർജ്ജിക്ക നീ ദുഃഖം
മൃത്യുവിൻ പര്യായമാണപ്പദം; സുഖമെന്തീ
മർത്യജീവനിലെന്നോ? ബലമാണതു കുഞ്ഞേ!
വിഷമേ ഭീരുത്വം, മറ്റൊന്നുമില്ലിവിടെക്കിൽ–
ബിഷം; അജ്ഞാനങ്ങളീ ലോകത്തിൽ നരകിക്കേ
ജീവിതസൗഭാഗ്യമാ നോവുമാത്മാക്കൾക്കുള്ള
സേവനം; ത്യാഗം മാർഗം! അതിലാവട്ടേ ശ്രദ്ധ
അതു നേടുവാനാത്മസംയമം ശീലിക്കുമ്പോ–
ളറിയാം, നീതന്നെയാണീശ്വരൻ, വിരാഡ്രൂപം!
ദേവന്മാർപോലും മോക്ഷം കിട്ടുവാൻ പിറക്കുന്നു
ഭൂവിൽ മാനവരായിട്ടനുഷ്ഠിക്കുന്നൂ ത്യാഗം.''
ബദ്ധമെന്നാത്മാവിന്നു ശങ്ക പിന്നെയും, രേതോ–
വൃദ്ധിയെങ്ങനെ നേടും? ചോദിക്കും മുമ്പേ കേൾക്കായ്:
''കളിക്കൂ ഫുട്ബോൾ മാംസപേശികളിരുമ്പായി–
ക്കഴിയും വരെ, ഞരമ്പുരുക്കായ്ത്തീരുംവരെ,
കരയായ്കേ,റെപ്പറയായ്ക നീ, ഫുട്ബാൾകളി
കഴിഞ്ഞാൽ സ്നാനം ചെയ്തു ഗീതവായിക്കൂ ലേശം.''

ഊഊഊ

''മുത്തച്ഛൻ കണ്ടിട്ടുണ്ടാവും വിവേകാനന്ദനെ,''
മുഗ്ദ്ധശൈശവം വീണ്ടും; ഉത്തരം പറവേൻ ഞാൻ:
''കണ്ടുകൊണ്ടിരിക്കുന്നുണ്ടദ്ദേഹത്തെ ഞാനുണ്ണീ,
നിൻ കിളിച്ചുണ്ടത്തുദിക്കുന്ന ചോദ്യത്തിൽപ്പോലും!''

## സിംഹാവലോകനം

ഗിർവനഭൂവിലെടുത്തുപിടിച്ചൊരു
ഗർവത്തിന്നിമവെട്ടാതെ
കുത്തിയിരിക്കും മൃഗരാജാവേ,
സത്യം താങ്കൾക്കറിയാമോ?
തേക്കിൻകാടുകളൂക്കൻമേടുകൾ
തേങ്ങിത്തേങ്ങിക്കയറുമ്പോൾ
ജീപ്പിനുപോലുമകാരണഭീത്യാ

വേർപ്പ;– തു മഞ്ഞെന്നോർത്തേൻ ഞാൻ.
എന്റെ മനസ്സോ, മഞ്ഞത്തമരും
നിന്റെ സമീപത്തെത്തുമ്പോൾ
മുന്നിൽ നടക്കുന്നവരുടെ പുറകിൽ–
ച്ചെന്നു കിതയ്ക്കാൻ വെമ്പുന്നു!
മൃഗശാലകളിൽ കമ്പിപ്പുരകളിൽ
മൃഗരാജാക്കളുഴറ്റോടെ
ചുറ്റിയടിക്കെക്കോണികൾ ഞങ്ങൾ
ചൂളിയ ചൂളൽ നുണയ്ക്കുന്നു!

ഘഘഘ

പെട്ടെന്നൊരു വിളി വനസംരക്ഷകർ;
ഞെട്ടൽ മറച്ചുപിടിയ്ക്കുമ്പോൾ
ഞങ്ങടെ വിളറും മർത്യമുഖങ്ങളിൽ
മങ്ങിയ ചിരി നീ കണ്ടായോ?
നീയും നിന്റെ കുടുംബവുമാട്ടേ
പോയീ വഴിവിട്ടുടനെത്താൻ;
പത്തടി മാറിക്കുറ്റിക്കാട്ടിൽ
കുത്തിയിരുന്നൂ നിരയായി
നീയും നിന്റെ കിടാങ്ങളൊരേഴും
പ്രേയസിമറ്റേയറ്റത്തും
എവിടെപ്പോയീ  മൃഗരാജാവേ,
ഭുവനപ്രഥിതം നിൻ വീര്യം?
അന്നം ദാനം ചെയ്യുന്നവരുടെ
മുന്നിൽക്കാട്ടിലെ രാജാവേ,
നീയും നവയുഗമാനവനെപ്പോ–
ലായെന്നോ നീ മുനിയുന്നു?

ഘഘഘ

ജീപ്പിൽ തിരികെ വരുമ്പോൾ കാതിൽ
കേൾപ്പൂ പഴമൊഴി സുസ്പഷ്ടം:
''ഗതികെട്ടാൽ പുലി പുല്ലും തിന്നും;''
ക്ഷിതിയാ മൊഴിയിലൊളിയ്ക്കുന്നു!
എന്തായാലും നിന്റെ മുഖത്തെ–
ച്ചിന്താഭാസുരഗർവത്തിൽ,
നിതാന്തനിശ്ചലദൃഷ്ടിതടങ്ങളിൽ
നിറഞ്ഞുനിൽക്കും വീര്യത്തിൽ,
ഉണ്ടൊരഗമ്യാധൃഷ്യത! നിങ്ങൾ–
ക്കുളവാകാവൂ കുലവൃദ്ധി.

# വിഷുത്തലേന്ന്

കൊന്നമരങ്ങളിൽ സ്വർണ്ണം വിളയുന്ന
പുണ്യകാലങ്ങളിൽ ചൈത്രത്തിൽ
മൂളുന്ന, പൊന്നൊളിപ്പോക്കുവെയ്‌ലോളത്തിൽ
മുങ്ങിക്കുളിയ്ക്കുന്ന പൂമ്പാറ്റേ,
കണ്ടൂ വിഷുക്കണിയെത്ര ഞാ,നോണവു–
മുണ്ടൂ പലകുറിയെന്നിട്ടും
നിന്നിൽത്തുടിയ്ക്കുമീ നിഷ്കളനിർവൃതി–
യെന്നിൽ തിളച്ചുമറിഞ്ഞില്ല!

കൊന്നയിൽ പൊത്തിപ്പിടിച്ചുകേറുന്ന ഞാൻ
നിന്നിലലിഞ്ഞു നിലക്കൊണ്ടൂ
''ആവില്ലൊരിക്കലും ഗാനകലവിയി-
ലാറാടുവാനെനിയ്ക്കിമ്മട്ടിൽ!''

ഀഀഀ

പിന്നെ ഞാൻ പൂങ്കുല പൊട്ടിച്ചിറങ്ങിയീ
മണ്ണിൽ ചവുട്ടി നടക്കുമ്പോൾ
പെട്ടെന്നു മന്മനസ്സെന്തിന്നിരുളുന്നു.
പൊട്ടിക്കരയുവാൻ വെമ്പുന്നു?
ഞാനറുത്തീടിന പൂങ്കുല വർഷിയ്ക്കു-
മാനന്ദവായ്പ്പിൻ തിളക്കത്തിൽ
ഉച്ചസ്ഥനർക്കനുദിക്കുന്നതിൻ മുമ്പു
മച്ചിലെൻ വീട്ടിലെസ്സങ്കൽപ്പം
നാളെക്കണികണ്ടു പൂത്തിരി കത്തിച്ചു
നാകീയസൗഖ്യം നുണയ്ക്കുമ്പോൾ
ഉജ്ജ്വലാനന്ദമേ, നീയീ പ്രപഞ്ചത്തി-
ലുണ്ടായിരിയ്ക്കുകയില്ലത്രേ!
നീയപ്പൊരുളിന്നറിവീല,തല്ലി നിൻ
നിഷ്കളനിർവൃതിയ്ക്കാധാരം?''

കൊന്നമലരുമായ് വീട്ടിന്റെ പൂമുഖ-
ത്തൊന്നുമോതാതെ ഞാൻ ലാത്തുന്നു;
ആവില്ല നൈമിഷികത്വമേ, നിൻ പാട്ടി-
ലാകെ മുങ്ങാനെനിയ്ക്കെന്നെന്നും!

# ഈശാവാസ്യം

അനേകക്രോശമുണ്ടെന്റെ ദേവസ്വം ഭൂമിയെന്നു ഞാൻ

അഹങ്കരിച്ചു പണ്ടാർഷ ഭാരതീയയുഗങ്ങളിൽ.

ആനപ്പുറത്തെത്തിടമ്പിൻ സംവൃതപ്രതലങ്ങളിൽ
സൗവർണ്ണമാറ്റൊലികളായ് ശീവേലിക്കൊട്ടലയ്ക്കവേ

എഴുന്നള്ളിപ്പുബിംബത്തിൽ വിശറിക്കാറ്റുപോലെ ഞാൻ*
സന്നിധാനം ചെയ്തരുളീ വിപത്സർവ്വവിപാടനം.

എമ്പ്രാന്റെ തീപ്പെട്ടിക്കോലിന്നിളി മുത്തുന്ന വേളയിൽ
വരണ്ട കൽവിളക്കിന്മേൽ കൈത്തിരിച്ചിരി മിന്നവേ

ഉഴക്കരിയ്ക്കേഴു തിളവന്നു വാങ്ങിയ പച്ചരി
അഞ്ചുവട്ടം വിഴുങ്ങിക്കൊണ്ടുയിർക്കൊൾവവനിന്നു ഞാൻ.

ഭൂരിപക്ഷത്തിന്റെ ദൈവമായിപ്പോയതുകാരണം
ലെയ്സൺകമ്മിറ്റിയിൽത്തൂങ്ങും സർക്കാരിൻ ശുഷ്ക്കകാരുണി

തരും വർഷാശനം മാത്രമിന്നസ്മൽപാപനാശനം!
മതം മാറിക്കൂട ദൈവത്തിനെന്നാരുടെ നിശ്ചയം?

അപ്പുറത്തുള്ള പള്ളിയ്ക്കു നന്ദി! ആ മണിമുട്ടലാൽ
നിന്നുറക്കത്തിൽ ഞാൻ ഞെട്ടിയുണരാറുണ്ടിടയ്ക്കിടെ.

രാഷ്ട്രാന്തരീയശ്രീ നാളെയെന്റെ കൂത്തമ്പലത്തിലും
പ്രാർത്ഥനാഗാനകലവി സമാരംഭിച്ചുവെങ്കിലോ?

ചിതൽപ്പിടിച്ചീ ശ്രീകോവിൽ മുഹൂർത്തം പാർത്തു നിൽക്കയാം
കുനിച്ചുകൂടാത്ത കൃഷ്ണശിലാശീർഷം തകർക്കുവാൻ!

ശിലയാണെങ്കിലും ചിന്തിപ്പൂ ഞാനിപ്പോളിടയ്ക്കിടെ;
മതം മാറിക്കൂട ദൈവത്തിനെന്നാരുടെ നിശ്ചയം?

ഭൂരിയോ ന്യൂനമോ, പക്ഷമേതുമാകട്ടെ, നശ്വരം;
ഈശാവാസ്യമിദം സർവ്വം; പൂജ മുട്ടാതിരിയ്ക്കണം!

## അന്യത്വദുഃഖം

അന്തിയാവോളം വെള്ളം കോരി നീ, എന്തിന്നെന്നോ?

ആരാന്റെ തെങ്ങിൻതൈകൾക്കൊട്ടു പാരണ നൽകാൻ!
കോരുമ്പോൾ, മരക്കൊമ്പിൽ കെട്ടിയ സാരിത്തുമ്പു
കോടുമ്പോൾ* പെട്ടെന്നെന്തൊരിടിമിന്നൽ നിന്നുള്ളിൽ!
വീഴുമോ കാലിട്ടടിക്കുന്ന ശൈശവം, ആരാ-
ക്കേഴുന്ന ജീവന്നസ്രമാംസാസ്ഥിമജ്ജാരൂപ-
മരുളീ? ആരായാലുമദ്ദേഹം താങ്ങിക്കൊള്ളും
കരുണാമസൃണമാം കൈകൊണ്ടാക്കുതുകത്തെ.
കുഴയും കൈകൊണ്ടു നീ കുളിർപ്പിച്ചിടും തെങ്ങിൻ-
കുരലിലമൃതുണർത്തുന്നതാക്കൈതാനല്ലോ!
അറിയാം നിനക്കെല്ലാമെങ്കിലും കിടാവോരോ
കുറിയും കരയുമ്പോൾ പിടയ്ക്കുന്നു നിൻ പാണി.

ൗൗൗ

പാളയും കയറും പോയ് കിണറ്റിൽ പതിച്ചപ്പോൾ-
പാളിയോ കങ്കാണിതൻ കടക്കണ്ണിലെ മൗനം?
ഇട്ടുടയ്ക്കുമോ നിൻ കൈ മൺകുടം മൂവന്തിയിൽ-
ക്കുട്ടിയെപ്പുൽകാൻ, കൂലിവാങ്ങാനുമായും മുമ്പേ?

ൗൗൗ

**ഋതത്താൽ സത്യത്തിനെപ്പരിഷിഞ്ചനം ചെയ്തു-
മൃതത്തെസ്സത്യത്തിനാൽപ്പരിഷിഞ്ചനം ചെയ്തും
ആഹരിച്ചവൻ നിൽപ്പൂ ജനലിങ്കൽ ഞാനന്യ-
താകുലൻ, ജന്മാന്തരസൗഹൃദപരാധീനൻ.

## അല്പൻ

തത്തകൾ പാടുമിളംവെയിലിൽ

മുത്തങ്ങ നർത്തനം ചെയ്ത കാറ്റിൽ
തത്തിക്കളിക്കുമെൻ ശൈശവത്തിന്നൊരു
മുത്തു കിടച്ചതനുസ്മരിപ്പേൻ.

കിട്ടിയ മുത്തുമണിയുമേന്തി
കുട്ടിതൻ വിസ്മയം പാഞ്ഞുചെൽകേ
മുഗ്ധമാതൃസ്മിതം മുട്ടിവിടർത്തിയ
മുഷ്ടിയിൽ കണ്ടതു ശൂന്യതയോ?

വറ്റുന്ന മഞ്ഞുകണികയിന്മേൽ
മുറ്റുന്ന മുക്താഫലമുഹൂർത്തം

നഷ്ടപ്പെടുന്ന മധ്യാഹ്നപ്പുഴകളിൽ
എത്ര ഞാൻ മുങ്ങിക്കുളിച്ചു പിന്നെ?

ശഷ്പങ്ങൾ ചൂടും ക്ഷണകിരീടം
അത്ഭുതം ചിന്നുമുഷസ്സുകളിൽ
ഇപ്പൊഴും പൂമുഖമുറ്റത്തു ലാത്തുമെ–
ന്നൽപ്പതപോലെയെന്തുള്ളു വേറെ?

# പകൽക്കിനാവ്

നാൽപ്പതാണ്ടപ്പുറം സ്ക്കൂളിലെത്തെങ്ങോല–
മേൽപ്പുരക്കീഴിലിരുന്ന നാളിൽ
'ഞാനും കവിയാവു' മെന്നുരിയാടിയ
നാണുവോ പോയതെൻ മുന്നിലൂടെ?
ഓടുന്ന ബസ്സിലുറക്കമുണർന്നുപോയ്:
ആടലിൻ മൂർത്തിപോലീ ഞൊടിയിൽ
'ഞാനും കവിയാവു' മെന്നു പണ്ടോതിയ
നാണുവോ പോയതെൻ മുന്നിലൂടെ?
കെട്ടിയോളുണ്ടാവുമിന്നാ വിവശന്നു
കുട്ടികളെത്രയെന്നാർക്കറിയാം?
കൊട്ടയിൽ ചേനയും വാഴക്കിഴങ്ങുമായ്
വെട്ടുവഴിയിലൂടാ മനുഷ്യൻ
ഓടിക്കിതയ്ക്കുന്നു വണ്ടിയ്ക്കു കെട്ടിയ
മാടുപോലിന്നും കൊടുംവെയിലിൽ!
ബസ്സു നിറുത്തിച്ചിറങ്ങിയിട്ടായാളെ
നൊസ്സനെപ്പോൽ ചെന്നു പുൽകിയാലോ?
അല്ലെങ്കി,ലോവുപാലത്തിന്നുമീതെയാ
വല്ലമിറക്കിവെപ്പിച്ചശേഷം,
പക്കത്തു കാണുന്ന ചായക്കടയിലെ
വർക്കത്തുകെട്ട നാൽക്കാലിയിന്മേൽ
നാണുവിൻ മെയ്യോടുരുമ്മിയിരിയ്ക്കവേ
നാലഞ്ചു ബീഡി വലിച്ചുതള്ളി
ചായയും പിട്ടും പഴവും തുരുതുരെ
വായിലാക്കുന്ന തിരക്കിലൂടെ
വീട്ടുകാര്യങ്ങളും നാട്ടുകാര്യങ്ങളും
കേട്ടും പറഞ്ഞും മനസ്സിണങ്ങി
ചായതൻ കാശുകൊടുത്തശേഷം, ''വയ–
സ്സായെന്നിരിയ്ക്കിലും രണ്ടുപേർക്കും
കാണാമിനിയു,'' മെന്നോതിപ്പിരിയവേ
നാണുവിൻ കീശയിൽ കൈതിരുകി
ഇല്ലാത്ത പത്തു പതിനഞ്ചുറുപ്പിക–
യിട്ടുകൊടുക്കേണ്ടതായിരുന്നു!

നൊമ്പരമെന്റെ ശിരസ്സിനകത്തൊരു
പമ്പരംപോലെ കറങ്ങി നിൽക്കെ
ആരോ മണിയൊന്നടിച്ചിരിയ്ക്കാം, ബസ്സൊ
രത്താണിവക്കിൽ കുലുങ്ങിനിന്നു.
പെട്ടെന്നു ഞാനങ്ങെഴുന്നേറ്റു നിൽക്കുന്നു,

ഞെട്ടുന്നു, വീണ്ടുമിരുന്നിടുന്നു:
കാണായ നാണുവിൽനിന്നു ഞാനെത്രയോ
കാതങ്ങൾ നീങ്ങിക്കഴിഞ്ഞുവല്ലോ!

## ഗ്രീഷ്മരാത്രി

തിരുവാതിര ഞാറ്റുവേലതൻ വെണ്മാടത്തിൽ
പൊരിവൂ നിശീഥമൗനത്തിന്റെ മനസ്സാക്ഷി,
അമൃതം വർഷിക്കേണ്ട വിണ്ടലം പൊഴിക്കുന്ന–
തനൃതം: കുറ്റം ചെയ്തതെന്തു നീ ജീവാത്മാവേ?
ഒരു കേവലമായ പരൽക്കണ്ണിനാൽ നിന്നെ–
ക്കരയിക്കാനോ തമസ്സുറ്റുനോക്കുന്നൂ ദൂരെ?
അസുരഗുരുവായ ശുക്രനോ മുനിവു നി–
ന്നസിതഹൃദയത്തിൽ നിത്യജാഗരമായി?
നൂറു യോജന നീണ്ടുപരന്നു പൊങ്ങിച്ചീറും
കാറിലെക്കാരുണ്യാർദ്രക്കുളിരായെത്തും ബൃഹ–
സ്പതിയെങ്ങീയാണ്ടിൽ? നിൻഭൗമമാം രുഗ്ണാത്മാവിൽ
കുടിനീർതേടിക്കേണീടുന്നു നിർന്നിദ്രാവത്വം!

ഊഊഊ

തിരുവാതിരഞാറ്റുവേലയിൽപ്പെയ്യും തിരി–
മുറിയാക്കാരുണ്യമെന്നാശിച്ചു വിലയ്ക്കൊരു
കുടവാങ്ങിയ ത്രികാലജ്ഞാനദാരിദ്ര്യങ്ങൾ
കിടന്നീ മട്ടുപ്പാവിൽ കണ്ണുകളടയ്ക്കാതെ
ഉരുണ്ടു കളിക്കുമ്പോളുറക്കെച്ചിരിക്കുന്ന
ചിരികൊണ്ടടഞ്ഞുവോ ശക്ര, നിൻ ചെവിപോലും?

## ആത്മയോഗം

കഞ്ചുകമഴിഞ്ഞുവീണ രണ്ടു ജീവാത്മാക്കൾ തമ്മിൽ
കണ്ടുമുട്ടാൻ പണ്ടൊരിയ്ക്കൽ സംഗതി വന്നു.
അപ്പോളല്ലീ ജാതമായതർക്കചന്ദ്രരുഡുക്കളു,–
മന്തിയും, പുലരിയും, പൊന്നിന്ദ്രചാപവും,
നാനാവർണ്ണപ്പൂക്കളും, തൈത്തെന്നലു, മരുവികളും,
നാദബ്രഹ്മം പോലുമെന്നുണ്ടെനിയ്ക്കു പക്ഷം.

ഊഊഊ

കണ്ടുകണ്ടലിഞ്ഞു നിൽക്കും രണ്ടു ജീവാത്മാക്കൾ തമ്മിൽ
കഞ്ചുകമിട്ടകലാനും സംഗതി വന്നു
അപ്പോളല്ലീ ജാതമായതന്ധകാരം, കൃഷ്ണപക്ഷ,–
മല്ലുകൾ, നിഴലുകളും, പൊരിവെയിലും,
ഭൂമികുലുക്കവും, കാട്ടുതീയും, ഘനഗർജ്ജനവും,
പേമഴയും, കൊടുങ്കാറ്റും, പിശാചുപോലും?

ഊഊഊ

സത്യമല്ലിശ്ശങ്കയെന്നോ ബുദ്ധിയുടെ പക്ഷം? എന്നാൽ,
വിദ്യുന്മയമെന്മനസ്സീയനുഗ്രഹത്താൽ!

# പമ്പാസ്നാനം

തലയിലിരുമുടിക്കെട്ടുമായ് പിറക്കുന്നു

മലയാളികൾ; ഒന്നിൽ ഭക്തിതൻ നെയ്ത്തേങ്ങയും
മറ്റേതിലെറിഞ്ഞുടയ്ക്കാനുള്ള വിനകളും
കെട്ടിവെച്ചിരിയ്ക്കുന്നു; ഞങ്ങൾതൻ ജാഗ്രൽക്കാലം
പതിനെട്ടല്ലോ പുരാണങ്ങൾതൻ പടികളെ
കുതികാലടിവെപ്പാലളന്നു പിൻതള്ളുന്നു.
ശരണംവിളികൾതന്നേകതാനത നീന്തി
വരുമീയാത്മാക്കൾതൻ കരിങ്കന്മതിൽ കാൺകേ
അവർതൻ ഹൃദയോഷ്ണഘർമ്മാംബുപ്രവാഹത്തി–
ലവികൽപ്പമാം പമ്പാരയവേഗതയിങ്കൽ
ആണ്ടുപോം കരളിനെപ്പൊതിയും കുളിർ, വാക്കാ–
യാവിഷ്ക്കരിക്കാൻ വെമ്പി മുനിയായ്ത്തീരുന്നൂ ഞാൻ.
കരഞ്ഞീടുന്നൂ കാട്ടുചോലയിതെങ്കിൽക്കൂടി
കലങ്ങുന്നില്ലാ തെല്ലുമെന്നു ഞാനറിയുന്നു.
കോരി ഞാനെടുക്കുന്ന കുടന്നക്കണ്ണാടിയിൽ
കോടിയതെന്തേ പക്ഷേ പെട്ടെന്നെൻ മുഖച്ഛായ?
കയത്തിൽ ചാടിത്തുടിച്ചാണ്ടു മുങ്ങിയ ദിവ്യ–
മയക്കങ്ങളിലേതു ദക്ഷിണഹസ്താലഗ്ന–
ജ്ഞാനമുദ്രയോ കത്തിജ്വലിപ്പൂ? വിദൂരസ്ഥ–
കാനനങ്ങളിൽ സ്വർഗ്ഗവാതിലു തുറക്കുന്നു
മകരജ്യോതിർലോകനിർവൃതിയല്ലീ? ക്ഷണം
മദയാനപോൽ മുങ്ങിപ്പൊങ്ങുകെന്നസ്തിത്വമേ!
യുക്തിബോധത്തിൻ ചക്രവാളത്തെബ്ഭേദിച്ചുകൊ–
ണ്ടുൽക്കടകാരുണ്യമായുദിയ്ക്കും നക്ഷത്രത്തെ
ചിറകിട്ടടിയ്ക്കാതെ വലംവെച്ചിടും കൃഷ്ണ–
പ്പരുന്തിൻ നിഴൽ നിന്റെ ജീവനിൽ തളയ്ക്കട്ടെ!

# മിന്നാമിനുങ്ങിനെത്തേടി

മനസ്സിലെക്കാഞ്ചനച്ചെപ്പകാരണമിടയ്ക്കിടെ

തുറക്കവേ കാണ്മിതിന്നും ബാലചാപലസങ്കടം

ഇരുട്ടിന്മേലിളംനീലവെളിച്ചത്തിന്റെ തുള്ളിയാൽ
വിക്രമാദിത്യന്റെ കോട്ട വരയ്ക്കും വിസ്മയത്തിനെ

ഒഴിഞ്ഞ സിന്ദൂരച്ചെപ്പിലടച്ചന്തിയുറങ്ങവേ
ചകലാസ്സിന്നുള്ളിൽനിന്നു പുറത്തെത്തിയ കൗതുകം;

ഉൽക്കണ്ഠ, ദയ, ജിജ്ഞാസയുദ്വേഗം, ഭയ, മക്ഷമ
തൊട്ടുനോക്കീ: ചെപ്പു തന്റെ തലയ്ക്കൽത്തന്നെയില്ലയോ?

പിറ്റേന്നാൾ പല്ലുതേയ്ക്കും മുമ്പതെടുത്തു തുറക്കവേ
അതാ, ചത്തുകിടക്കുന്നു വെളിച്ചം: നിന്നു തേങ്ങി ഞാൻ.

നഷ്ടമാസ്ഫാരചൂർണ്ണത്തെത്തേടും തേങ്ങലിലൂടെയോ
ദാഹിച്ചലയുവേനിന്നും വിദൂരക്ലേശഭൂമിയിൽ!

# പൂവൻകോഴി

**കോ**ഴി കൂവിയോ സസ്യഭുക്കുകൾ പാർക്കും വീട്ടിൻ

താഴുകോലായിൽ? സ്വിച്ചിലമർന്ന വിരൽ കണ്ടൂ:
മണിയൊന്നര! വീട്ടിൻ വിസ്മയം ഞെട്ടിത്തെറി–
ച്ചുണർന്നീടുന്നൂ; വന്നതെവിടുന്നാണക്കോഴി?
വെളിച്ചത്തൊടുകൂടി വിസ്മയം പൊലിഞ്ഞപ്പോ–
ളൊളിച്ചുചിറകൊച്ച കൂരിരുൾത്തൊത്തിന്നുള്ളിൽ.
പിറ്റേന്നു പുലർച്ചയ്ക്കോ? കുട്ടികൾക്കത്യാനന്ദം;
മുറ്റത്തെ മാവിൻകൊമ്പിൽ സൗന്ദര്യസാക്ഷാൽഭാവം!
അവനോ? സുനിർബാധം ചപ്പിലും ചവറിലു–
മലഞ്ഞു കൊത്തിത്തിന്നൂ വേണ്ടത്ര മാംസാഹാരം!
സസ്മിതം നിന്നൂ സൂര്യൻ: 'എവിടുന്നീ ബുദ്ധിമാൻ
സസ്യഭുഗ്ഗേഹം തേടിപ്പിടിച്ചിങ്ങെത്തിച്ചേർന്നു?'

ഏഏഏ

ചിലനാൾ പോകെ, ക്കോഴികൂവാതെയുണർന്നേറ്റു
വിലപിയ്ക്കയായ് മക്കൾ: 'പൊത്തിലില്ലിപ്പോൾപ്പൂവൻ,'
പോയതുതാനോ പൂവൻ തനിയേ? അയലത്തെ–
പ്പായിലെ മാംസക്കൊതിയ്ക്കുറക്കം പൊയ്പ്പോയപ്പോൾ
മരപ്പൊത്തിനുനേരെ നീണ്ട കൈനഖങ്ങളിൽ
മരണം ജനിച്ചതോ? കുട്ടികളാശങ്കിപ്പൂ.
സസ്മിതം നിൽപ്പൂ സൂര്യനപ്പൊഴും; എന്തിന്നായി
സ്സസ്യഭുഗ്ഗേഹം തേടിപ്പിടിച്ചൂ പാവം പൂവൻ?

# മമ്മിയൂരപ്പൻ

**അ**മ്മതന്നൊക്കത്തിരുന്നു ചെന്നു

മമ്മിയൂരപ്പനെക്കൈതൊഴുതു;
അച്ഛന്റെ കാലടി പിന്തുടർന്നും
അമ്മഹാദേവനെച്ചെന്നു കൂപ്പി.

ഇന്നു ഞാൻ നൂറ്റെട്ടു ഭാരമുള്ള
പന്നാസുസഞ്ചിയും പേറിയല്ലോ
ഉരുകും വിയർപ്പിൻ മണത്തിലൂടെ
ഗുരുപവനാലയസന്നിധിയിൽ
ബസ്സിറങ്ങുന്നു, കുളിച്ചുകൂപ്പി
ബസ്സുകയറി മടങ്ങിടുന്നു!
സമയമില്ലൊന്നിനും വാച്ചിനുള്ളിൽ
നിമിഷം കിതയ്ക്കും കിതപ്പുനോക്കൂ!
ഇന്നത്തെ ധർമ്മമിവിടെയെങ്കിൽ
അന്യസ്ഥലത്താണു നാളെ ധർമ്മം,
തീരുമെന്നീത്തിരമാലപോലെ
ചീറുന്ന ധർമ്മമെന്നാരറിവൂ?
അറിയുന്നതെന്തിന്നതൊക്കെ ഞാൻ? ഉ–
ണ്ടൊരു പരബ്രഹ്മം കണക്കു വെയ്ക്കാൻ:
മണ്ണിളക്കാതെ കൃഷിയിറക്കാൻ
വിണ്ണവന്മാർക്കും കഴികയില്ല!

കൊല്ലങ്ങളീ നിഴൽക്കാട്ടിലൂടെ
കോടിഞ്ഞെണുങ്ങിക്കടന്നുപോകെ
ഏതാണു മമ്മിയൂർക്കുള്ള നാടൻ
പാതയെന്നേ ഞാൻ മറന്നുപോയി.
ഒരു സമാധാനമേ ബാക്കിയുള്ളൂ
ഗുരുപവനേശനെ കൈതൊഴുതാൽ
ഭഗവതീദർശനം ചെയ്തശേഷം
ഭഗവാനെയോർത്തു ഞാനൊന്നു നിൽക്കും!
ശ്രീകോവിലിന്നു വലത്തുവെയ്ക്കാ–
നായുമ്പൊഴേയ്ക്കുമടഞ്ഞ കണ്ണിൽ
മമ്മിയൂരപ്പന്റെ വർത്തുളാർദ്ര–
ബ്രഹ്മസ്വരൂപം വിടർന്നുനിൽക്കും!
കൂപ്പുകൈമൊട്ടിൻ ചുവട്ടിൽ വീണെ–
ന്നാത്മാവു പാടും, ''നമശ്ശിവായ.''

# പിതൃഹൃദയരാത്രി

അഞ്ചാവും വരെച്ചെയ്തേൻ വായുവിൽ കൃഷി; പിന്നീ–
ടാമാശയത്തിൽ ചീർത്ത വായുമണ്ഡലത്തോടെ
ബസ്സിലെ വേർപ്പിൽക്കൂളിയിടുമ്പോൾ, കയ്യിൽത്തൂങ്ങു–
മൊസ്സാന്റെ ഭാണ്ഡം താഴെ വീഴാതെ സംരക്ഷിച്ചു
ലക്ഷ്യത്തിലിറങ്ങിയും ദീർഘനിശ്വാസത്തിന്റെ
യക്ഷയപ്രവാഹത്തിൽ പ്രാഞ്ചിയും നടക്കൊൾകെ
കാലഘട്ടത്തിന്നസ്വസ്ഥതകളിരമ്പുന്ന
കാട്ടുചോലതൻ വക്കിൽ നിമിഷം നിന്നേനല്ലി?
ചില്ലുവാതിലിൻ പിന്നിൽ നാഗരികതാദുഃഖ–
പ്പല്ലിറുമ്മലാലപ്പോൾ വിടർന്നതല്ലിൻ കൺകൾ!

ൟൟൟ

നിസ്തന്ദ്രജാഗ്രന്നിമിഷങ്ങൾ തൻ മുനകളിൽ
നിസ്സംഗദുഃഖത്തിൻ കാലടികൾ പാകിപ്പാകി
നടന്നേൻ, താക്കോലിട്ടു തുറന്നേൻ നിദ്രാണമാം
മട, റൊട്ടിയോ മറ്റോ വിഴുങ്ങി മയങ്ങിനേൻ.
ചിരിക്കും കുഞ്ഞുങ്ങൾതൻ നിഷ്ക്കളങ്കത തുള്ളി
കരളിൽ, ഭാഗ്യംകെട്ട മടിത്തട്ടിനെക്കാത്തു–
മരുവും ദൈവത്തിന്റെ കാരുണ്യകണങ്ങളേ,
വരുമീ വാരാന്ത്യത്തിൽ നിങ്ങൾതൻ കവിൾച്ചൂടി–
ലുരുകാൻ സ്നേഹക്കാട്ടുതീക്കുതിരമേലച്ഛൻ:
കരയാതുറക്കനെപ്പാടിയാടുവിൻ നിങ്ങൾ!

ൟൟൟ

ഉള്ളിലൂടൊരു നീല വെളിച്ചം, മിന്നാമിനു–
ങ്ങല്ല, കാതങ്ങൾക്കപ്പുറത്തെഴും ഗ്രാമങ്ങളിൽ
അമ്പലങ്ങളിൽക്കല്ലുവിളക്കിൻ നാളം; പിന്നി–
ലമ്പരപ്പാളുംദേവീദേവസന്നിധികളിൽ
കുമ്പിടുന്നവനാരാണെന്നിലെപ്പിതാവെന്യേ?
മുമ്പിലോ, കാണ്മേനച്ഛൻ മക്കൾതൻ ചിരിമാത്രം!
നിഷ്ക്കളങ്കതയുടെ ചക്രവാളാന്തങ്ങളെ
നിഷ്ക്രമിച്ചൊഴുകുമാച്ചിരിയിലൊലിപ്പേൻ ഞാൻ!

# അഭിഷേകമന്ത്രം

വറ്റുന്നില്ലാ വഴിയറിയുവാനെന്ന വാർദ്ധക്യബോധം

വറ്റാക്കണ്ണീർപ്പെരുമഴ പൊഴിയ്ക്കും കരൾക്കൂരിരുട്ടിൽ
ഒറ്റയ്ക്കാരെൻ മുകളിൽ നനയാപ്പട്ടുമേലാപ്പു കെട്ടീ
ചുറ്റും വാണീലഹരി ശരറാന്തൽത്തിളക്കം വിതയ്ക്കെ?

തെക്കൻ ദിക്കിൽത്തരളഹൃദയം പൂണ്ടുമിബ്ഭാരതത്തി–
ന്നൊക്കെ ശ്രേയസ്സരുളി മരുവും നിത്യകന്യാകുമാരി
ഒക്കത്തേറ്റീട്ടിനിമ പൊഴിയും ചെന്തമിഴ്ച്ചിന്തു പാടി–
ക്കൽക്കണ്ടച്ചേലരുളിയതെവന്നാ യുവാവായിരിക്കും!

ഒരോന്നേവം മനസി നിരുപിക്കുന്നു, പക്കത്തിരിക്കും
സ്മേരാത്മാവേ*, തവമുഖസമാലോകനം ചെയ്യവേ ഞാൻ,
'ചേരൻചെങ്കുട്ടവനു സമനാം നാളെ നീ' യെന്നു പെട്ടെ–
ന്നാരെൻ കാതിൽച്ചൊരിവു മധുരം? ദേവിതാനല്ലി തമ്പി?

പിന്നീടെല്ലാപ്പുലരികളിലും താങ്കൾതൻ തൂലികാഗ്ര–
ക്കണ്ണീർമുത്താൽപ്പുളകമണിയാൻ ഭാഗ്യമുണ്ടായവൻ ഞാൻ
ഇന്നാശിസ്സിൻ കനകമുടി ചൂടിക്കുവേൻ: ''കേരളത്തിൻ
മണ്ണിൽജ്ജീവിച്ചരുളുമിവനാണെന്റെ കാലത്തിളങ്കോ.''

സാഹിത്യത്തിൽപ്പുതിയൊരു യുഗാരംഭമല്ലോ കുറിപ്പൂ
സൗഹിത്യോദ്യൽസുരഭിലതയാം നിന്റെ പൊൽത്തൂലികാഗ്രം;
ദാഹിക്കേണ്ടാ വികചഭവികം തേടിടും ഭാവി പൗര–
വ്യൂഹത്തിന്നെന്നൊരു ഞൊടി സുഖിക്കട്ടെയോ ഞങ്ങൾ തമ്പീ?